# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാടക്കത്തറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TSR (P8)2156/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 10/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാടക്കത്തറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA TSR (P8)2156/2022. തീയ്യതി: 10/04/2023

## തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2021 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 15-12-2022 | 23-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-12-2022 | 23-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സദാനന്ദൻ പി. ജി, ഓഡിറ്റ് ഓഫീസർ
ശ്രീ. ശിവദാസൻ എ. കെ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി സുനിത ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രേഖ ഇ. സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഇന്ദിര മോഹനൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി രാജേശ്വരി എം | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അർച്ചന വിശ്വനാഥ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി പ്രവിത കെ ആർ | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.രാഹുൽ കെ കെ | മെഡിക്കൽ ഓഫീസർ, പിഎച്ച്സി | 01-04-2021 | 31-03-2022 |
| ഡോ.ആശ ഇ എസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.ബിന്ദു ബാലകൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഷീജ എം എസ് | വി ഇ ഓ കരുവാൻകാട് | 01-04-2021 | 13-10-2021 |
| എലിസബത്ത് ലിസി ഡി | വി ഇ ഓ കരുവാൻകാട് | 14-10-2021 | 11-02-2022 |
| അർജ്ജുൻ വിജയൻ | വി ഇ ഓ കരുവാൻകാട് | 14-02-2022 | 31-03-2022 |
| അനുപ്രിയ | വി ഇ ഓ വെള്ളാനിക്കര | 01-04-2021 | 31-03-2022 |
| രേഖ വി എസ് | അസി.സെക്രട്ടറി | 01-04-2021 | 08-07-2021 |
| രാജേഷ് ജി | അസി.സെക്രട്ടറി | 14-07-2021 | 31-03-2022 |
| ആൻസി ജോസ് | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| സുഷമ സി വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ജോയ്സി ജേക്കബ് | അസി.ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.കാസിം യു കെ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ബീന പി പൊന്നയ്യ | അസി.സെക്രട്ടറി | 09-07-2021 | 13-07-2021 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപെൻഷനുകൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-10-1 |
| 11 | വസ്തുനികുതി - ഡി.സി.ബി പത്രിക, വാർഷികകണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല | 1-10-2 |
| 12 | ലൈബ്രറി സെസ് - ഡി.സി.ബിയും വാർഷികകണക്കും തമ്മിൽ പൊരുത്തമില്ല | 1-10-3 |
| 13 | വസ്തുനികുതിമുൻകൂർ ലഭിച്ചത് - വാർഷികകണക്കും സഞ്ചയ"സോഫ്റ്റ്‌വെയറും പൊരുത്തപ്പെടുന്നില്ല | 1-10-4 |
| 14 | വസ്തുനികുതി-സമയബന്ധിതമായ ഡിമാന്റ് എൻട്രി ഇല്ല | 1-10-5 |
| 15 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ -ഡിമാന്റ് ഒറ്റത്തവണ | 1-10-6 |
| 16 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-10-7 |
| 17 | 280000000-Prior Period Item”-വൗച്ചറുകൾ അനുബന്ധ രേഖകൾ ഇല്ല | 1-10-8 |
| 18 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ -ആധികാരിക രേഖകൾ ഇല്ല | 1-10-9 |
| 19 | ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ് | 1-10-10 |
| 20 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-11 |
| 21 | സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. | 1-10-12 |
| 22 | പ്രത്യേകോദ്ദേശ്യ ഗ്രാന്റ്-അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-10-13 |
| 23 | ബാങ്ക് റീകൺസീലിയേഷൻ തയ്യാറാക്കിയിട്ടില്ല | 1-10-14 |
| 24 | റീകൺസീലിയേഷൻ-അപാകതകൾ | 1-10-15 |
| 25 | വാർഷിക കണക്കും സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-10-16 |
| 26 | ഫ്രന്റ് ഓഫീസി**ൽ** റദ്ദ് ചെയ്ത രസീതി തുക സഞ്ചയയി**ൽ** കളക്ഷ**ൻ** | 1-11 |

| | | |
|---|---|---|
| | തുകയായി പോസ്റ്റ് ചെയ്തതിരിക്കുന്നു | |
| 27 | സസ്യ നഴ്സറികൾക്ക് വ്യാപാര സംരംഭക ലൈസൻസ് എടുക്കുന്നില്ല | 1-12 |
| 28 | ലേലം നടപ്പിലാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-13 |
| 29 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-14 |
| 30 | വസ്തുനികുതി നിർണ്ണയം - സഞ്ചയയിൽ പഞ്ചായത്തിലെ മുഴവൻ റോഡുവിവരങ്ങളും ഉൾപ്പെടുന്നില്ല | 1-15 |
| 31 | വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല | 1-16 |
| 32 | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ നാളിതുവരെയും വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല | 1-17 |
| 33 | UA നമ്പർ നൽകിയ കെട്ടിടങ്ങൾ ചട്ടപ്രകാരം ക്രമവൽക്കരണം നടത്തേണ്ടതാണ് | 1-18 |
| 34 | ജനകീയ ഹോട്ടൽ വാടക ഈടാക്കിയിട്ടില്ല | 1-19 |
| 35 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-20 |
| 36 | ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു | 1-21 |
| 37 | തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി. രജിസ്റ്റർ പ്രകാരമുള്ള ഇലക്ട്രിക് ബൾബുകളുടെ എണ്ണത്തേക്കാൾ അധികം എണ്ണം കരാറിൽപെടുത്തി തുക നൽകി | 1-22 |
| 38 | കുടിവെള്ള വിതരണം - ജി.പി.എസ് പ്രിന്റൗട്ട് ഹാജരാക്കിയിട്ടില്ല. ചെലവു തുക 673200 രൂപ തടസ്സപ്പെടുത്തുന്നു | 1-23 |
| 39 | ആശ്രയ ഭവനനിർമ്മാണം നൽകിയ തുക ചെലവഴിക്കാതെ ബാക്കി നിൽക്കുന്നു. | 1-24 |
| 40 | തൊഴിലുറപ്പ് പദ്ധതിയിലെ അപാകതകൾ ചുവടെ ചേർക്കുന്നു. അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ അറിയിക്കേണ്ടതാണ് | 1-25 |
| 41 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-26 |
| 42 | ലാപ്ടോപ് നാളിതുവരെ ലഭ്യമായില്ല | 1-27 |
| 43 | ഹരിത കർമ്മസേന തുടർ പ്രവർത്തനങ്ങൾ-അപാകതകൾ | 1-28 |
| 44 | മരാമത്ത് പ്രവൃത്തിയുടെ കരാർ വയ്ക്കാൻ വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയില്ല | 1-29 |
| 45 | കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 1-30 |
| 46 | അസി. എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ | 1-31 |
| 47 | റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല | 1-32 |
| 48 | പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ | 1-33 |

| | | |
|---|---|---|
| | ഈടാക്കിയില്ല | |
| 49 | ഇ-ടെണ്ടർ ഫീ അടവാക്കിയിട്ടില്ല | 1-34 |
| 50 | ഓഡിറ്റിൽ പരിഹരിച്ച അപാകതകൾ | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | സ്ഥിര നിക്ഷേപം | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 17.02.2021 | 1 (1) | 236972729 | 225397750 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 18.03.2022 | 1(1) | 248642625 | 203067750 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 30-07-2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 31093423 |
| വരവ് | 88051248 |
| ആകെ | 119144671 |
| ചെലവ് | 85463685 |
| നീക്കിയിരിപ്പ് | 33680986 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 17082866 | 17082866 | 16567886 | 514980 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 5045780 | 5045780 | 5045780 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 15322000 | 15322000 | 8180050 | 7141950 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5975995 | 5975995 | 4202274 | 1773721 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺടൈഡ് ഗ്രാന്റ് (ACR പ്രകാരം) | 0 | 3664141 | 3664141 | 3641414 | 22727 |
| ടൈഡ് ഗ്രാന്റ് | 0 | 9701985 | 9701985 | 7727794 | 1974191 |

### 1-5 പദ്ധതി അവലോകനം

2021-22 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീ |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | കരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 197 | 95009972 | 152 | 64821459 | 45 | 1 | 77 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 224764 | 777514 | 1002278 | 1002278 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് + മെറ്റീരിയൽ കോസ്റ്റ് | 0 | 35351570 | 35351570 | 35351570 | 0 |

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 5005300 | 323 |
| വിധവാ പെൻഷൻ | 19484700 | 1293 |
| വാർദ്ധക്യകാലപെൻഷൻ | 66710200 | 2591 |
| വികലാംഗ പെൻഷൻ | 8788500 | 306 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2695500 | 175 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 240000 | 8 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.12.2022 തീയതിയിൽ 3 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21923/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-10-1 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-10-2 വസ്തുനികുതി - ഡി.സി.ബി പത്രിക, വാർഷികകണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം

തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1തൻവർഷം

2.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3571605 | 3558199 | 28122 | 11289 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3571605 | 3532194 | 41568 | *11294 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(11859 /105X100)= 11294 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2721183 | 2674647 | 21040 | 31192 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2721183 | 2668951 | 7594 | *31197 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 185283 | 106241 | 79081 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *190771 | 106580 | **78767 |
| | *(2020-21-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

| | | | |
|---|---|---|---|
| | (70659+12965=200310/105*100) | പത്രിക, ഷെഡ്യൂൾ ആർ.പി-43) | (82706/105X100)=78767 |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 217138 | 62107 | 155040 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 280879 | 62098 | 155081 |
| | (2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*(65978+165945=231923/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(162836/105X100)=155081, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു.<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

### 1-10-3 ലൈബ്രറി സെസ് - ഡി.സി.ബിയും വാർഷികകണക്കും തമ്മിൽ പൊരുത്തമില്ല

1)തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 322312 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 322546 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 325645 രൂപയാണ്.

2)ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 290158 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 13817 (290158 /105X5) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 13934 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

### 1-10-4 വസ്തുനികുതിമുൻകൂർ ലഭിച്ചത് - വാർഷികകണക്കും സഞ്ചയ"സോഫ്റ്റ്‌വെയറും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2022-ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues | 393856 | 461505 |

| | | | |
|---|---|---|---|
| | -Property Tax On Residential Building | | |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 5735 | 100485 |

## 1-10-5 വസ്തുനികുതി-സമയബന്ധിതമായ ഡിമാന്റ് എൻട്രി ഇല്ല

1/4/2021-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ 275 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2021-22-ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-6 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ -ഡിമാന്റ് ഒറ്റത്തവണ

2021-22-ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ | 130100101-Rent | 7872 | 1.4.21 | 431400101 |

| | നിന്നുള്ള വാടക | From Building | | | |
|---|---|---|---|---|---|

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-10-7 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-10-8 280000000-Prior Period Item"-വൗച്ചറുകൾ അനുബന്ധ രേഖകൾ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/03/2021 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 4906 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 3557 |
| 280100102-Prior Period Income-Profession Tax Traders | (2400) |
| 280200401-Prior Period Income-Other Income | (2250) |
| 280200401-Prior Period Income-Other Income | (1071355) |
| 280800201-Prior Period-Administrative Expenses | (5600) |
| 280800501-Prior Period- Programme Expenses | (9057013) |

1-10-9 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ -ആധികാരിക രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-10-10 ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-10-11 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2587563 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9243883 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-10-12 സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല എന്നാണ് കാണിച്ചിരിക്കുന്നത്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കിയ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. {കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ)}

## 1-10-13 പ്രത്യേകോദ്ദേശ്യ ഗ്രാന്റ്-അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31.03.2021-ൽ ബാക്കിയുള്ളവയുടെ വിവരം താഴെ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | |
|---|---|---|---|
| ക്രമ നം. | ശീർഷകം | ഇനം | തുക |
| 1 | 320200307 | Grants, Funds And Contributions For Specific Purposes – Other Than Development Fund And State Sponsored | 22000 |
| 2 | 320800101 | Beneficiary Contributions | 151459 |
| 3 | 320800101 | Contributions For Joint Venture Projects From Block Panchayath | 2169126 |
| 4 | 320700205 | Contributions For Joint Venture Projects From District Panchayath | 200000 |
| 5 | 320700205 | Contributions For Other Specific Purposefrom Block Panchayath | 410037 |

## 1-10-14 ബാങ്ക് റീകൺസീലിയേഷൻ തയ്യാറാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. (കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 57))

| ക്രമ നം. | ബാങ്ക് | വാർഷിക കണക്കിലെ നീക്കിയിരിപ്പ് |
|---|---|---|
| 1 | SBI PFMS CA | 1050 |

## 1-10-15 റീകൺസീലിയേഷൻ-അപാകതകൾ

1. Co-operative Bank A/c No. 80015205417 ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 3625 രൂപ (Vr.No.

22101096 28.10.21) “Cheques Issued But Not Presented Ito Bank” ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

2.ബാങ്ക് അക്കൗണ്ട് പാസ്സ്ബുക്കിൽ (Co-operative Bank 80015205417 ) വന്ന ഡെബിറ്റ് തുകകൾ റീകൺസീലിയേഷൻ പത്രികയിൽ " Directly Debited By Bank” എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2021-22-ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

| തീയ്യതി | തുക |
|---|---|
| 28.10.2021 | 3625 |
| 28.10.2021 | 8310 |
| 28.10.2021 | 19921 |
| ആകെ | 31856 |

## 1-10-16 വാർഷിക കണക്കും സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കും സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും താഴെ ചേർക്കുന്ന ഇനങ്ങളിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം (RP -7,31) |
|---|---|---|
| 320200111- Development Fund CFC Grant - Tied | 7727794 | 5233000 |
| 320200112- Development Fund CFC Grant - Untied | 3641414 | 3584797 |
| 160100402 Maintenance -Non Road | 4202274 | 4004169 |

## 1-11 ഫ്രന്റ് ഓഫീസിൽ റദ്ദ് ചെയ്ത രസീതി തുക സഞ്ചയയിൽ കളക്ഷൻ തുകയായി പോസ്റ്റ് ചെയ്തതിരിക്കുന്നു

ശ്രീമതി രജനിബാബു എന്നവരുടെ ഉടമസ്ഥതയിലുള്ള 1/206 എന്ന പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി അടവാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

3.3.22-ലെ ക്യാൻസെൽഡ് രസീതി റിപ്പോർട്ട് പ്രകാരം 121020106021 എന്ന സാംഖ്യ രസീതിയുടെ തുകയായ 561/- ക്യാൻസൽ ചെയ്തിട്ടുണ്ട്. എന്നാൽ സഞ്ചയപ്രകാരം ടി കെട്ടിടത്തിന്റെ 2021-ലെ രണ്ട് അർദ്ധവർഷങ്ങളിലെയും വസ്തുനികുതി കളക്ഷൻ ഇതേ രസീതിയിൽ തുക ഈടാക്കിയതായാണ് കാണുന്നത്. 3.3.22-ലെ ഡേ ബുക്കിൽ 121020106021 പ്രകാരം 561/- തുക ഈടാക്കിയിട്ടില്ല. അതായത് ഈ സാംഖ്യനമ്പറിൽ ടി തുക ഗ്രാമപഞ്ചായത്തിൽ വരവ് വന്നിട്ടില്ല. അന്നേ ദിവസത്തെ ഡേ ബുക്ക് പ്രകാരം 121020106020 എന്ന സാംഖ്യ രസീതിയിൽ ഇതേ വ്യക്തിയുടെ ഇതേ കെട്ടിടത്തിന്റെ തന്നെ 2021-ലെ രണ്ട് വർഷത്തെയും വസ്തുനികുതിയായി 571/- തുക ഈടാക്കുകയും ചെയ്തിട്ടുണ്ട്.

ടി കെട്ടിടത്തിന്റെ സഞ്ചയയിൽ താഴെ പറയും പ്രകാരമാണ് കളക്ഷൻ (03/03/2022-ലെ മാത്രമാണ് പട്ടികയിൽ) കാണിച്ചിരിക്കുന്നത്.

| Sl. | Year | Period | Property | Library | Surcharge | Service | Advance | Total | Book | Receipt No. | Receipt | Collection | Entry |
|---|---|---|---|---|---|---|---|---|---|---|---|---|---|

| No. | | | Tax (1) | Cess (2) | (3) | Charge (4) | (5) | (6) (1+2+ 3+4+ 5) | No. | | Date | Year | Mode |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2021 | First Half | 263 | 14 | 0 | 0 | 0 | 277 | 0 | 121020106021 | 03/03/22 | 2021 | Jansevana Kendram/ Front Office |
| 2 | 2021 | First Half | 0 | 0 | 0 | 0 | 277 | 277 | | 121020106020 | 03/03/22 | 2021 | Jansevana Kendram/ Front Office |
| 3 | 2021 | Second Half | 263 | 13 | 0 | 0 | 0 | 276 | | 121020106020 | 03/03/22 | 2021 | Jansevana Kendram/ Front Office |
| 4 | 2021 | Second Half | 0 | 0 | 0 | 0 | 8 | 8 | | 121020106020 | 03/03/22 | 2021 | Jansevana Kendram/ Front Office |
| 5 | 2021 | Second Half | 0 | 0 | 0 | 0 | 268 | 268 | 0 | 121020106021 | 03/03/22 | 2021 | Jansevana Kendram/ Front Office |

അതായത് ക്യാൻസെൽ ചെയ്ത രസീതികളും സഞ്ചയ പ്രകാരം വരവായാണ് കാണിച്ചിരിക്കുന്നത്. എന്നാൽ പട്ടിക പ്രകാരമുള്ള തുക യഥാർത്ഥത്തിൽ ഗ്രാമപഞ്ചായത്തിൽ വരവ് വന്നിട്ടില്ല. തുക വരവ് വരാതെ സഞ്ചയയിൽ പോസ്റ്റിങ്ങ് നടത്തിയതിന് കാരണം ലഭ്യമാക്കേണ്ടതാണ്.

മാത്രമല്ല 2021 ഫസ്റ്റ് ഹാഫിൽ 121020106021 തുക 277/- ഉം 121020106020 തുക 277/- ഉം ആയി രണ്ട് രേഖപ്പെടുത്തലുകളും 2021 സെക്കന്റ് ഹാഫിൽ 121020106020 തുക 276/- ഉം, 121020106020 തുക 8/- ഉം, 121020106021 തുക 268/- യുമായി മൂന്ന് രേഖപ്പെടുത്തലുകളും സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതായത് ക്യാൻസൽ ചെയ്ത രസീതികളും കളക്ഷൻ ആയി ചേർത്തിട്ടുണ്ട്. 03/03/2022 ന് ശേഷം ടിയാൾ ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി ഒന്നും അടവാക്കിയിട്ടില്ല. ടി കെട്ടിടത്തിന്റെ നാളിതു വരെയുള്ള ഡിമാൻഡ് (2013 ഫസ്റ്റ് ഹാഫ് മുതൽ 2022 സെക്കൻഡ് ഹാഫ് വരെയുള്ള) തുക 5530 ഉം കളക്ഷൻ 5530 ഉം ആണ്. നിലവിൽ ഇവർക്ക് കുടിശ്ശിക ഇല്ല. സഞ്ചയ പ്രകാരം 03/03/2022 ൽ 2021 സെക്കൻഡ് ഹാഫിന് ശേഷം പിന്നീട് വസ്തുനികുതി അടച്ചിട്ടില്ല. അതായത് 2022 ലെ വസ്തുനികുതി അടവാക്കാതെ ഡിമാൻഡ് നിലനിൽക്കുമ്പോളും പ്രസ്തുത കെട്ടിടത്തിന് കുടിശ്ശിക ഇല്ലാതിരിക്കുന്നു. ഇത്തരത്തിലുള്ള വൈരുധ്യത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ : 12 21.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച മുഴുവൻ അപാകതകൾക്കും മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-12 സസ്യ നഴ്സറികൾക്ക് വ്യാപാര സംരംഭക ലൈസൻസ് എടുക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവൃത്തിച്ചു വരുന്ന സസ്യ നഴ്സറികൾക്ക് പഞ്ചായത്തിൽ നിന്നും യാതൊരു ലൈസൻസും നൽകുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ സർവ്വേ പ്രകാരം വിവിധ വാർഡുകളിലായി ഏകദേശം 193 സസ്യ നഴ്സറികളാണ് കച്ചവടം നടത്തി വരുന്നത്. എന്നാൽ നിലവിൽ ഇതിന്റെ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിൽ നിന്നും യാതൊരു അനുവാദങ്ങളും വാങ്ങുന്നില്ല. 2022-23 ൽ ഈ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി 110 സ്ഥാപനങ്ങൾക്ക് ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും 15.7.2019 ന (നമ്പർ എ1 3351/19) പ്രകാരം തദ്ദേശസ്വയം ഭരണ വകുപ്പ് ബഹു. സെക്രട്ടറിക്ക് താഴെ പറയുന്ന വിവരങ്ങൾ അടങ്ങിയ ഒരു അപേക്ഷ പഞ്ചായത്ത് സമർപ്പിച്ചിരുന്നു. 'കാർഷികപ്രാധാന്യമുള്ള പഞ്ചായത്തായ മാടക്കത്തറയിൽ വ്യവസായ ഗണത്തിൽ ഉൾപ്പെടുത്താവുന്ന ഏകദേശം 350 ഓളം നഴ്സറികൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇവ 1996 ലെ കേരള പഞ്ചായത്ത് രാജ്

ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ പട്ടിക 1 പ്രകാരം രേഖപ്പെടുത്തിയ 159 ഇനങ്ങളിൽ നഴ്സറികൾ ഉൾപ്പെടുന്നില്ല എന്ന കാരണത്താൽ ലൈസൻസ് എടുപ്പിക്കാൻ നിർവാഹമില്ലാത്ത സാഹചര്യമാണെന്നും ആയതിനാൽ ലൈസൻസ് ഇനത്തിൽ ഉൾപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും'അറിയിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ തുടർ നടപടി വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. മേൽ സൂചിപ്പിച്ച മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും വ്യാപാര സംരംഭക ലൈസൻസ് എടുക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ:27/23.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിൽ ടി സ്ഥാപനങ്ങളിൽ 1996 ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട് 4 പട്ടിക 1 ലെ ക്രമ നം.81 വളം വില്പന നടത്തുക എന്നതു ഉൾപ്പെടുന്നതിനാൽ ആയതു പ്രകാരം ലൈസൻസ് എടുക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

1-13 ലേലം നടപ്പിലാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

202122 ൽ ലേലവുമായി ബന്ധപ്പെട്ട പഞ്ചായത്ത് ഭരണസമിതി തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു. എന്നാൽ ഈ ഇനത്തിൽ 202122 ൽ പഞ്ചായത്തിൽ വരവൊന്നും ലഭിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച ലേല നടപടികൾ സ്വീകരിക്കാതിരുന്നതിനു കാരണം വ്യക്തമാക്കേണ്ടതാണ്.

1. 28/06/2021 ലെ അജണ്ട :2 തീരുമാനം:10

മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ CMLRRP യിൽ ഉൾപ്പെടുത്തി ലഭ്യമായ പുല്ലംകണ്ടം ചെന്നിക്കര റോഡ് കാനനിർമ്മാണത്തിൽ 277 M3 മണ്ണ് നീക്കം ചെയ്യേണ്ടതുണ്ടെന്നും, ആയത് സൂക്ഷിക്കാൻ പൊതുസ്ഥലം ഇല്ല എന്നും അസി. എഞ്ചിനീയർ അറിയിച്ചു. ആയതിനാൽ സ്ഥലം ലഭ്യമാക്കുന്നതിനും, ലേലം ചെയ്യുന്നതിനുള്ള അനുമതിക്കും അംഗീകാരത്തിനുമായി അസി. എഞ്ചിനീയർ നൽകിയ കത്ത് യോഗം അംഗീകരിച്ചു. സ്റ്റോക്ക് ചെയ്യുന്നതിന് സ്ഥലം ലഭ്യമല്ലാത്തതിനാലും, വാഹന വാടക അധിക ചിലവ് വരുമെന്നതിനാലും, ആദ്യം മണ്ണ് എടുത്ത് നീക്കുന്നതിന് ഉൾപ്പെടെ ലേല നടപടികൾ സ്വീകരിക്കുന്നതിനു യോഗം ഐക്യകണ്ഠേന തീരുമാനിച്ചു. ലഭ്യമാകുന്ന തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിനും നിർദ്ദേശിച്ച് തീരുമാനിച്ചു. ഈ തീരുമാനപ്രകാരമുള്ള തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2. 13/09/2021 ലെ അജണ്ട :10 തീരുമാനം:1

ഫയൽ നമ്പർ :- A6/5549/21

05.07.21 ൽ മാടക്കത്തറ പഞ്ചായത്ത് ഓഫീസിൽ ചേർന്ന ട്രീ കമ്മിറ്റി തീരുമാനപ്രകാരം വിവിധ വാർഡുകളിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങളുടെ വില സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ നിന്നും നിർണ്ണയിച്ചു തന്നിട്ടുണ്ട്. മുറിക്കുന്ന മരങ്ങൾക്ക് പകരമായി 40 തൈകൾ നിർബന്ധമായും വച്ച് പിടിപ്പിക്കണമെന്നും കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം മരം ലേലം ചെയ്യുന്നതിനും മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തിരുമാനിച്ചു. തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3. 21/12/2021 ലെ അജണ്ട :10 തീരുമാനം:1

ഫയൽ നമ്പർ :- A5/6836/21

നിന്നുകുഴി താടിക്കുന്ന് റോഡിൽ അപകടാവസ്ഥയിലുള്ള ഇരുൾ (2എണ്ണം), വെന്തേക്ക് (2 എണ്ണം), ചേല, ഇലവ് എന്നീ മരങ്ങൾ മുറിച്ചുമാറ്റി ലേലം ചെയ്യുന്നതിനായി, അസി. കൺസർവേറ്റർ ഫോറസ്റ്റ്-ൽ നിന്നും മൂല്യനിർണ്ണയം നടത്തി ലഭിച്ചിട്ടുള്ളതാണ്. ആയതു പ്രകാരം എടുത്ത ട്രീ കമ്മിറ്റി തിരുമാനപ്രകാരം അടിയന്തിരമായി തുടർ നപടികൾ സ്വീകരിക്കുന്നതിനും എത്രയും പെട്ടെന്ന് ലേല നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

മുകളിൽ പറഞ്ഞ തീരുമാനപ്രകാരമുള്ള തുടർനടപടിവിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ:21/23.12.22) ഭാഗികമായ മറുപടിയാണ് നൽകിയത്. ക്രമ നമ്പർ: 2 (13/09/2021-ലെ ഫയൽ നമ്പർ :- A6/5549/21) ന്റെ ലേലത്തുടർനടപടി വിവരങ്ങൾ മാത്രമേ മറുപടി നൽകിയിട്ടുള്ളൂ. ഇത് പ്രകാരം ലേലത്തിലും തുടർന്ന് പുനർലേലത്തിലും ആരും ഹാജരായില്ലെന്നും മറുപടി നൽകിയിട്ടുണ്ട്.
ഭരണസമിതി അംഗീകരിച്ച മുകളിൽ സൂചിപ്പിച്ച ലേലങ്ങളുടെ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-14 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2021 -22 വർഷത്തിലെ വ്യാപാര സംരംഭക ലൈസൻസും തൊഴിൽ നികുതി രജിസ്റ്ററും ഒത്തു പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വിവരങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | സ്റ്റാർ കോൺക്രീറ്റ് ബ്രിക്ക്സ് 8/231 എ | 5 |
| 2. | ഓസോൺ കെമിക്കൽ ടെക് 10/303 | 10 |
| 3. | കൊട്ടാരത്തിൽ ബ്രിക്ക്സ് 4/284,285 | 4 |
| 4. | ഗംഗോത്രി പ്ലാസ്റ്റിക്സ് 12/181 | 5 |
| 5. | ഓവൻ ഫ്രഷ് ബേക്കറി 1/355 | 4 |
| 6. | വെയർഹൗസ് 16/563 എ, ബി, സി | 6 |
| 7. | വെയർഹൗസ് 16/564 കെ, എൽ, എസ്, ടി, വി, ഡബ്ല്യൂ | 6 |
| 8. | ഡാൻ കോർപറേഷൻ 11/362 ബി | 7 |
| 9. | സഹകരണ ജനസേവന കേന്ദ്രം 12/350 | 17 |
| 10. | വേദ ആയുർവേദ ക്ലിനിക്ക് 1/60 എഫ് | 4 |
| 11. | ബ്രഹ്മാസ് റെഡ് ഡ്രാഗൺ ഫ്രൂട്സ് പ്ലാന്റേഷൻ ആൻഡ് നഴ്സറി 7/218 ബി | 5 |

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. അതുപ്രകാരം വ്യവസായ വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ : 22/23.12.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-15 വസ്തുനികുതി നിർണ്ണയം - സഞ്ചയയിൽ പഞ്ചായത്തിലെ മുഴവൻ റോഡുവിവരങ്ങളും ഉൾപ്പെടുന്നില്ല

സഞ്ചയയിൽ മുഴവൻ റോഡുകളും ഉൾപ്പെടുത്തിയിട്ടില്ല

സഞ്ചയയിൽ നിന്നും പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ റോഡുകളുടെയും എണ്ണം, വിവരം (സെക്രട്ടറിയുടെ ലോഗിനിൽ നിന്ന്) എന്നിവ ആവശ്യപ്പെട്ടതിന് 16.12.22 ന് ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ആകെ 34 റോഡുകൾ മാത്രമേ ഇതിൽ ഉൾക്കൊള്ളുന്നുള്ളൂ. എന്നാൽ പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പ്രകാരം 392 റോഡുകൾ ഉൾപ്പെടുന്നുണ്ട്. ഇവ സഞ്ചയയിൽ ഉൾപ്പെടുത്താത്തതായാണ് കാണുന്നത്. നിലവിൽ സഞ്ചയയിൽ ഉൾപ്പെടുന്ന 34 എണ്ണത്തിൽ 32 എണ്ണവും 5 മീ കൂടുതലും 2 എണ്ണം 1.5 മീ കൂടുതലായും ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എല്ലാ റോഡുകളുടെയും പേരുവിവരം സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താത്തത് വസ്തുനികുതിയിനത്തിൽ നഷ്ടത്തിന് സാധ്യതയേറെയാണ്. സഞ്ചയയിൽ ആസ്തി രജിസ്റ്റർ പ്രകാരമുള്ള മുഴുവൻ റോഡുകളും ഉൾപ്പെടുത്താത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്.

ഒരേ റോഡുകൾ തന്നെ സഞ്ചയ സോഫ്റ്റ് വെയറിൽ വ്യത്യസ്ത മേഖലകളിൽ ഉൾപ്പെടുത്തുന്ന

1. 2021-22 ൽ നികുതി നിർണ്ണയം നടത്തിയ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് ഒരേ റോഡുകൾ ആണെങ്കിലും വ്യത്യസ്ത മേഖലകളിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചതായി കാണുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | റോഡിന്റെ പേര് | റോഡിന്റെ വീതി | മേഖല |
|---|---|---|---|---|
| 1. | 16/629 ബി | ഉദയഗ്രീൻ പാർക്ക് | 1.5 മീ കൂടുതൽ | ദ്വിതീയം (10 % ഇളവ് നൽകി) |
| 2. | 16/610 ബി | ഉദയഗ്രീൻ പാർക്ക് | 1.5 മീ കൂടുതൽ | പ്രഥമം |

2. താഴെ പറയുന്ന കെട്ടിടങ്ങൾക്ക് ഒരേ റോഡുകൾ ആണെങ്കിലും വ്യത്യസ്ത മേഖലകളിലും വ്യത്യസ്ത റോഡിന്റെ വീതിയിലും ഉൾപ്പെടുത്തിയാണ് നികുതി നിര്ണയിച്ചിരിക്കുന്നത്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | റോഡിന്റെ പേര് | റോഡിന്റെ വീതി | മേഖല |
|---|---|---|---|---|
| 1. | 15/62 എ | ദീർദാനി റോഡ് | 5 മീ കൂടുതൽ (20% വർദ്ധനവ് നൽകി) | ദ്വിതീയം (10 % ഇളവ് നൽകി) |
| 2. | 15/95 ഡി | ദീർദാനി റോഡ് | 1.5 മീ കൂടുതൽ | പ്രഥമം |

സഞ്ചയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നടത്തി വരുന്ന വസ്തുനികുതി നിർണ്ണയത്തിൽ വാർഡ് സെലക്ട് ചെയ്യുമ്പോൾ ആ വാർഡിൽകൂടി കടന്നു പോകുന്ന എല്ലാ റോഡുകളുടെയും വിവരം, റോഡിന്റെ വീതിയുൾപ്പെടെ സ്ക്രീനിൽ വരേണ്ടതും ആയതിനനുസരിച്ച് റോഡ് സെലക്ട് ചെയ്യാൻ സാധിക്കേണ്ടതുമാണ്. എന്നാൽ ചില സംഗതികളിൽ ആ വാർഡിൽകൂടി കടന്നുപോകുന്ന റോഡിന്റെ പേരും മറ്റു വിവരവും വരാതിരിക്കുകയും അത്തരം സാഹചര്യത്തിൽ നികുതി നിർണ്ണയം നടത്തുന്ന ക്ലാർക്കുമാർ 'മറ്റുള്ളവ' എന്ന ഓപ്ഷൻ തെരെഞ്ഞെടുക്കുകയും അവിടെ റോഡിന്റെ പേര് മാന്വലായി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇത്തരം മാന്വൽ ഇൻപുട്ടാണ് ചില നികുതി നിർണ്ണയത്തിൽ നടക്കുന്നത്. ഇതിനു താഴെയായി വരുന്ന റോഡിന്റെ തരം എന്ന ഫീൽഡിലെ നാലു ഓപ്ഷനുകളിൽ വീതി അഞ്ച് മീറ്ററിന് മുകളിൽ, ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ, ഒന്നര മീറ്ററിൽ കുറവ്, പൊതുവഴി ഇല്ലാത്തത് എന്നിവയിൽ, നികുതി നിർണ്ണയം നടത്തുന്ന ജീവനക്കാർ, മേല്പറഞ്ഞതിൽ ഏതു തരമാണെന്ന് ഒന്നുകിൽ സ്വയം തീരുമാനിക്കുകയോ, അല്ലെങ്കിൽ സമർപ്പിച്ച സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയ വീതി സ്വീകരിക്കുകയോ ചെയ്യുന്നതായി കാണുന്നു. ഇപ്രകാരം റോഡിന്റെ തരം നിശ്ചയിക്കുന്നത് സ്ഥാപനത്തിന് വൻ നികുതി നഷ്ടം വർഷാവർഷം സംഭവിക്കുന്നതിന് കാരണമാകുന്നുണ്ടെന്ന് കാണാം.

2011-ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം6, പട്ടിക2 പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ

20 ശതമാനത്തിന്റെ വർദ്ധന ഉണ്ടാകും എന്നതാണ് ഇതിന് കാരണം. കൂടാതെ ഒന്നര മീറ്ററിൽ കുറവുള്ള റോഡുകൾ, പൊതുവഴിയില്ലാത്തവ എന്നിവ പ്രസക്തമാകുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയിൽ നിന്നും യഥാക്രമം 10 ശതമാനത്തിന്റേയും 20 ശതമാനത്തിന്റേയും കുറവ് വരുന്നുമുണ്ട്. യഥാർത്ഥത്തിൽ സ്വീകരിക്കേണ്ട അഞ്ച് മീറ്ററിൽ കൂടുതലുള്ള റോഡുകൾക്ക് പകരം, അതിൽ താഴെയുള്ള ഇനങ്ങൾ തെരെഞ്ഞെടുക്കുമ്പോൾ 20 ശതമാനത്തോളം നികുതി നഷ്ടം സംഭവിക്കുന്നതായി കാണാം. മേൽ സൂചിപ്പിച്ച മുഴുവൻ അപാകതകളും പരിഹരിച്ച് മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ: 24 :23.12.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-16 വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ താഴെ പറയുന്ന പട്ടിക പ്രകാരമാണ് വസ്തുനികുതി കണക്കാക്കുന്നതിന് നിരക്കുകൾ നിശ്ചയിച്ചിരിക്കുന്നത്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203 ആം വകുപ്പ് 2 ഉം 5 ഉം ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ 2011 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച തീരുമാനപ്രകാരമുള്ള വസ്തുനികുതി നിരക്കുകൾ നിജപ്പെടുത്തിയതിന്റെ തീരുമാനം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വിവിധ ഉപയോഗക്രമങ്ങളുടെ നിരക്കുകളാണ് ചുവടെ ചേർത്തിരിക്കുന്നത്. പട്ടികയിലെ ക്രമ നമ്പർ 16, 19, 20 എന്നിവയുടെ നിരക്കുകൾ സഞ്ചയയിൽ നിശ്ചയിക്കാതെയാണ് കാണുന്നത്. നാളിതുവരെയും നിരക്കുകൾ ക്രമപ്പെടുത്താത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ പഞ്ചായത്ത് പരിധിയിൽ പണി കഴിപ്പിക്കുന്ന മേൽ സൂചിപ്പിച്ച ഗണത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്കു വസ്തുനികുതി നിർണ്ണയം നടത്തുന്നത് എങ്ങനെയെന്ന് വ്യക്തമാക്കേണ്ടതാണ്.

| ക്രമ നമ്പർ | ഉപയോഗക്രമം | ചുരുങ്ങിയ നിരക്ക് | പരമാവധി നിരക്ക് | സഞ്ചയ പ്രകാരം നിരക്ക് |
|---|---|---|---|---|
| 1 | പാർപ്പിടാവശ്യം | 3 | 8 | 7 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 30 | 60 | 45 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 100 ച. മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 50 | 70 | 60 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 30 | 60 | 45 |
| 5 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 70 | 90 | 80 |
| 6 | വാണിജ്യാവശ്യത്തിനുള്ള ബാങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, | 30 | 60 | 50 |

| | | | | |
|---|---|---|---|---|
| | ഫ്യുവൽ സ്റ്റേഷൻ | | | |
| 7 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 30 | 50 | 50 |
| 8 | വിദ്യാഭ്യാസാവശ്യം | 3 | 8 | 8 |
| 9 | ആശുപത്രികൾ | 3 | 8 | 8 |
| 10 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 20 | 40 | 30 |
| 11 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 10 | 20 | 20 |
| 12 | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 40 | 60 | 40 |
| 13 | റിസോർട്ടുകൾ | 80 | 90 | 80 |
| 14 | അമ്യൂസ്മെൻറ് പാർക്ക് | 20 | 40 | 20 |
| 15 | മൊബൈൽ ടെലഫോൺ ടവർ | 400 | 500 | 500 |
| 16 | സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ | 30 | 60 | -- |
| 17 | വിദ്യാഭ്യാസ സ്ഥാപനത്തിൻറെ കോമ്പൗണ്ടിൽ വരുന്നതും അതിൻറെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാൻറീൻ, വർക്ക്ഷോപ്പ് | 3 | 8 | 8 |
| 18 | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ്മെൻറ് ആക്ട്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 | 20 |
| 19 | അയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 | 160 | -- |
| 20 | കാർഷികാവശ്യത്തിനുള്ളവ | 0 | 0 | -- |
| 21 | റസിഡൻഷ്യൽ ഹോം സ്റ്റേ | 10 | 25 | 10 |

## 1-17 സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ നാളിതുവരെയും വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203 ആം വകുപ്പ് 2 ഉം 5 ഉം ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച കേരള സർക്കാർ ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമത്തിനനുസരിച്ച ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ 2011 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ ഒന്നാം വിഭാഗമായ പാർപ്പിട ആവശ്യത്തിനുള്ളവയിൽ സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ എന്ന പുതിയ ഉപവിഭാഗം 25.2 2015-ൽ എസ്.ആർ.ഒ. നമ്പർ 100/2015 കൂട്ടിച്ചേർത്തിട്ടുണ്ട്. ആയതു പ്രകാരം ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ഏറ്റവും കുറഞ്ഞ നിരക്ക് 30 ഉം ഏറ്റവും കൂടിയ നിരക്ക് 60 ഉം ആണ് നിശ്ചയിക്കേണ്ടത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ വസ്തു നികുതി നിരക്കുകളുടെ സ്ലാബിൽ സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ നിരക്ക് നാളിതു വരെയും നിശ്ചയിച്ച് ക്രമീകരിച്ചിട്ടില്ല. ചട്ടത്തിൽ ഉൾപ്പെടാത്ത പുതിയ വസ്തു നികുതി നിരക്കായ

റെസിഡൻഷ്യൽ ഹോംസ്റ്റേ (ഏറ്റവും കുറഞ്ഞ നിരക്ക് 10 ഉം ഏറ്റവും കൂടിയ നിരക്ക് 25 ഉം) എന്ന പുതിയ സ്ലാബ് കൂട്ടിച്ചേർത്തതായി കാണുന്നു. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് വിരുദ്ധമായി ഇത്തരത്തിൽ പുതിയ ഒരു വസ്തു നികുതി നിരക്ക് ഉൾപ്പെടുത്തുന്നതിന് ആധാരമായ ഉത്തരവ് ലഭ്യമാക്കേണ്ടതാണ്.

2021-22 ൽ വ്യാപാര സംരംഭക ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 'ജോർജെസ് ഈഡൻ സർവിസ് വില്ല' 3/418 എ (07/12/2020 ൽ ക്രമവൽക്കരിച്ചത്) എന്ന സർവീസ് വില്ല (ഹോംസ്റ്റേ) സ്ഥാപനം ചട്ടത്തിൽ ഉൾപ്പെടാത്ത പുതിയ വസ്തു നിരക്കായ റെസിഡൻഷ്യൽ ഹോംസ്റ്റേ (ഏറ്റവും കുറഞ്ഞ നിരക്ക് 10 ഉം ഏറ്റവും കൂടിയ നിരക്ക് 25 ഉം) എന്ന പുതിയ സ്ലാബിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 10/-രൂപ നിരക്കിൽ നിശ്ചയിച്ചാണ് വസ്തുനികുതി കണക്കാക്കിയിരിക്കുന്നത്. ചട്ടപ്രകാരമുള്ള സ്ലാബായ സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേയിൽ ഉൾപ്പെടുത്തി (ഏറ്റവും കുറഞ്ഞ നിരക്ക് 30 ഉം ഏറ്റവും കൂടിയ നിരക്ക് 60) വസ്തു നികുതി ഈടാക്കി വസ്തു നികുതി ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്.

## 1-18 UA നമ്പർ നൽകിയ കെട്ടിടങ്ങൾ ചട്ടപ്രകാരം ക്രമവൽക്കരണം നടത്തേണ്ടതാണ്

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം നിയമാനുസൃതമല്ലാത്ത 34 കെട്ടിടങ്ങൾക്ക് UA നമ്പർ നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പട്ടയം ഇല്ലാത്ത ഭൂമിയിൽ പണി കഴിപ്പിച്ച നിർമ്മിതികൾക്കാണ് ഭൂരിപക്ഷവും UA നമ്പർ നൽകിയിട്ടുള്ളത്. മാത്രമല്ല പട്ടയം ഇല്ലാത്ത ഭൂമിയിലുള്ള വാസഗൃഹങ്ങൾക്ക് 2015 മുതൽ വസ്തുനികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

നിയമാനുസൃതമല്ലാത്ത കെട്ടിട രജിസ്റ്റർ പരിശോധിച്ചതിൽ വാർഡ് 4 (കട്ടിലപ്പൂവം) ൽ യു. എ. 323/എ യു.എ.(2017) നമ്പറിൽ ശ്രീ. തങ്കൻ പി. എം, പുത്തൻപുരക്കൽ എന്നവരുടെ ഉടമസ്ഥതയിൽ വ്യവസായതിനാവശ്യമുള്ളവ (33.75 ച.മീ. തറവിസ്തീർണ്ണം) കൈത്തറി ഷെഡ്, കയർ പിരി ഷെഡ്, 23.12.2022 3 മണി സമയത്ത് പഞ്ചായത്ത് ക്ലർക്ക് ശ്രീമതി ടിനു പൗലോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ ശ്രീമതി സുനിത ആർ., ഓഡിറ്റർ ശ്രീമതി രേഖ ഇ. സി. എന്നിവർ പ്രാദേശിക പരിശോധന നടത്തുകയുണ്ടായി. ആയതിന് സഞ്ചയ പ്രകാരം അടിസ്ഥാന വസ്തുനികുതി 20/- ആയാണ് നിർണ്ണയിച്ച് വരുന്നത് നിലവിൽ 2021 രണ്ടാം അർദ്ധവർഷത്തെ വസ്തു നികുതി അടച്ചിട്ടുണ്ട്. 2017ൽ യു. എ. നമ്പർ നൽകിയ ടി കെട്ടിടം നാളിതുവരെയും ചട്ടപ്രകാരം ക്രമപ്പെടുത്തിയിട്ടില്ല. ആയത് നടപ്പിലാക്കി വിവരം അറിയിക്കേണ്ടതാണ്.

പ്രാദേശിക പരിശോധനയിൽ ടി കെട്ടിടത്തിന് സമീപം ടിയാരുടെ തന്നെ ഒരു വാസഗൃഹം ഉള്ളതായി കാണുന്നുണ്ട്. ആയതിന്റെ കെട്ടിട നമ്പർ 4/323 (സഞ്ചയ പ്രകാരം തറവിസ്തീർണ്ണം –56 ച.മീ.) ടി കെട്ടിടം ഏലിയാമ്മ പുത്തൻപുരയ്ക്കൽ (ശ്രീ. തങ്കൻ പി.എം. യുടെ അമ്മയുടെ) എന്നിവരുടേതാണ്. 4/323 എന്ന ഈ കെട്ടിടത്തെ 2015 ആദ്യ അർദ്ധവർഷം മുതൽ നികുതിയിൽ നിന്ന് (ഭൂമിയ്ക്ക് പട്ടയം ഇല്ലാത്തതിനാൽ) ഒഴിവാക്കിയിരിക്കുന്നതാണ്. പട്ടയം ലഭിക്കുന്നതിനുള്ള വില്ലേജ് തലത്തിലുള്ള നടപടികൾ പൂർത്തീകരണ ഘട്ടത്തിലാണ് എന്ന് ഉടമ അറിയിച്ചു. പ്രാദേശിക പരിശോധനയിൽ 4/323 എന്ന വാസഗൃഹത്തിന് 56 ച.മീ. കൂടുതൽ തറവിസ്തീർണ്ണം ഉള്ളതായി കാണുന്നത്. സ്ഥലത്തിന്റെ പട്ടയ ലഭ്യമാകുന്ന മുറയ്ക്ക് തറവിസ്തീർണ്ണം പുനഃ പരിശോധിച്ചു വസ്തുനികുതി ഈടാക്കുകയും ആയത് ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

ഇത്തരത്തിൽ, ഭൂമിക്ക് പട്ടയം ഇല്ലാത്തതിനാൽ നികുതിയിൽ നിന്ന് ഒഴിവാക്കിയ മറ്റ് കെട്ടിടങ്ങൾക്ക് പട്ടയം ലഭിക്കുന്ന മുറയ്ക്ക് കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം പുനർനിർണ്ണയിച്ച് വസ്തുനികുതി ഈടാക്കേണ്ടതാണ്.

## 1-19 ജനകീയ ഹോട്ടൽ വാടക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാടകക്ക് നല്കുന്നതിനായി നിർമ്മിച്ച കെട്ടിടത്തിലെ 8/54 കെട്ടിട നമ്പറിൽ 2020 മെയ് 14 മുതൽ 2 വർഷത്തോളമായി ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ടി മുറിയിൽ നിന്നും വാടക ഇനത്തിൽ യാതൊരു വരവും പഞ്ചായത്തിന് ലഭിക്കുന്നില്ല. 2019-20-ൽ പ്രതിമാസം 552 രൂപ നിരക്കിൽ വാടക ഇതേ മുറിക്ക് ലഭിച്ചിരുന്നു. ഇത്തരത്തിൽ വാടക ഈടാക്കാത്തതിന്റെ കാരണം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/22.12.22) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 6.03.20-ലെ സ.ഉ (കൈ) നം. 45/20 പ്രകാരം ജനകീയ ഹോട്ടലിന്റെ കെട്ടിട വാടക, വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് മുടക്കം കൂടാതെ വഹിക്കേണ്ടതാണ് എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വാടക ഈടാക്കാത്തത് എന്ന് അറിയിച്ചിരിക്കുന്നത്. എന്നാൽ മേൽ ഉത്തരവ് 2020-21 വാർഷിക പദ്ധതിയിലെ മാർഗ്ഗരേഖയിൽ ഉൾപ്പെടുന്നതാണ്. ഓഡിറ്റ് വർഷം വാടക ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-20 കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രോജക്റ്റ് നമ്പർ - 1/22

പദ്ധതി – കന്നുകുട്ടി പരിപാലന പദ്ധതി
നിർവ്വഹണോദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

ബിൽനമ്പർ : 22101146 തിയ്യതി : 13.9.21 തുക : 625000

കന്നുകുട്ടി പരിപാലന പദ്ധതിയിൽ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും മേൽ സൂചിപ്പിച്ച വിധം തുക നൽകിയിട്ടുണ്ട്. 2021 ഒക്ടോബർ മുതലാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്.

കാലിത്തീറ്റ വിതരണരജിസ്റ്റർ പരിശോധിച്ചപ്പോൾ ചിന്നമ്മ ജോർജ് കരിപ്പാകുടിയിൽ (2022 ജൂൺ മുതൽ), മേരി സാബു കട്ടംകീരിയിൽ (2022 ഒക്ടോബർ മുതൽ) എന്നീ ഗുണഭോക്താക്കൾ കാലിത്തീറ്റ വാങ്ങുന്നത് തുടരുന്നില്ല എന്ന് കാണുന്നു. പദ്ധതിയിൽ നിന്നും പിൻമാറിയ ഗുണഭോക്താക്കൾ ഇതുവരെ കൈപ്പറ്റിയ ധനസഹായം കഴിച്ച് ബാക്കി തുക കണക്കാക്കി ആയത് എസ്.എൽ.ബി.പി-യിൽ നിന്നും തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട് (നം.11/21.12.22)

## 1-21 ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു

ഗ്രാമപഞ്ചായത്തിൽ സാമൂഹ്യപെൻഷൻ വിതരണം സംബന്ധിച്ച സേവന സോഫ്റ്റ് വെയറിലും 2021-22 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വ്യക്തികൾക്ക് ഒരു കൈത്താങ്ങ് എന്ന നിലയിൽ കേരള സർക്കാർ നൽകുന്ന സാമൂഹ്യസുരക്ഷപെൻഷനുകളിലേക്ക് എൻറോൾമെന്റ് നടത്തുക, മരണം സംഭവിച്ചവരേയും അനർഹരേയും പട്ടികയിൽ നിന്നും ഒഴിവാക്കുക എന്നീ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. ഗുണഭോക്താക്കൾ മരണപ്പെട്ടശേഷവും അവരുടെ അക്കൗണ്ടിൽ പെൻഷൻ തുക ക്രഡിറ്റ് ചെയ്യപ്പെടുന്ന സാഹചര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് മരണപ്പെട്ടവരെയും അനർഹരെയും സമയബന്ധിതമായി പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കാതിരിക്കുന്നത് സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടാകുന്ന സാഹചര്യത്തിൽ കൈക്കൊള്ളേണ്ട നടപടികൾ സംബന്ധിച്ച് ഉത്തരവുകളും സർക്കുലറുകളും ധനകാര്യവകുപ്പ് പുറപ്പെടുവിച്ചിരുന്നു (സ.ഉ (എം.എസ്) നം-97/2020 തീ.23/09/2020, 5/11/20 ലെ സർക്കുലർ നം.67/2020/ധന). എന്നാൽ ഈ ഉത്തരവുകളും സർക്കുലറുകളും പാലിക്കപ്പെടുന്നില്ല.

പരിശോധനയിൽ കണ്ടെത്തിയ മരണപ്പെട്ട സേവന പെൻഷൻ ഗുണഭോക്താക്കളുടെയും അനർഹമായി വിതരണം ചെയ്ത പെൻഷന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്തതു തുക (1600/- മാസം തോറും ) |
|---|---|---|---|---|---|---|
| 1 | ശശി വി.കെ. | വാർദ്ധക്യകാല പെൻഷൻ | 107410200849 | 1.9.21 | 11/22 വരെ നൽകി | 22,400/- |

| | | | | | | |
|---|---|---|---|---|---|---|
| | | (ആക്ടീവ്) | | | | |
| 2 | തങ്കമണി | വാർദ്ധക്യകാല പെൻഷൻ (ആക്ടീവ്) | 107410200599 | 17.2.22 | 11/22 വരെ നൽകി | 14,400/- |
| 3 | നാഗമ്മാൾ | വാർദ്ധക്യകാലപെൻഷൻ | 107410200934 | 26.8.21 | 10/21 വരെ നൽകി | 3,200/- |
| 4 | സരോജിനി പി. കെ. | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 107410500162 | 19.11. 21 | 4/22 വരെ നൽകി | 8,000/- |
| | | | | | ആകെ | 48,000 |

മുകളിൽ പറഞ്ഞ ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാതിരിക്കുന്നതിന്റെ കാരണം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ: 17/22.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ നിന്നും 26.12.21-ൽ മരണസെർട്ടിഫിക്കെറ്റ് ഇഷ്യൂ ചെയ്ത ശ്രീമതി. രജീന എന്നവർക്ക് തൃശ്ശൂർ കോർപറേഷൻ മുഖേന ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ (പെൻഷൻ ഐ.ഡി-101700602923) പ്രകാരമുള്ള പെൻഷൻ തുക നവംബർ 2022 വരെ വിതരണം ചെയ്തിട്ടുണ്ട്. മേൽ വിവരം കോർപറേഷൻ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ട് വന്നിട്ടുണ്ടോ എന്നതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

1-22 തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി. രജിസ്റ്റർ പ്രകാരമുള്ള ഇലക്ട്രിക് ബൾബുകളുടെ എണ്ണത്തേക്കാൾ അധികം എണ്ണം കരാറിൽപെടുത്തി തുക നൽകി

നിർവ്വഹണോദ്യോഗസ്ഥൻ –സെക്രട്ടറി

പ്രോജക്ട് നമ്പർ –133/22

ഈ പ്രോജക്ട് 20-21 വർഷം ആരംഭിച്ചിട്ടുള്ളതും (പ്രോജക്ട് നമ്പർ-07/21) തൻവർഷം സ്പിൽ ഓവർ ആയി തുടർന്നിട്ടുള്ളതുമാണ്. ഈ പ്രോജക്ടിൽ രണ്ടു വർഷമായി കരാറുകാരന് ആകെ നൽകിയ തുക താഴെ ചേർക്കുന്നതാണ്.

20-21 വർഷം നൽകിയ തുക. 410000

21-22 വർഷം നൽകിയ തുക. 640000

വൗച്ചർ നമ്പർ, തുക.XVFC/21-22/P/5 .20-11-21

ഫണ്ടിനം – സി.എഫ്.സി

ഈ പ്രോജക്ടിനായുള്ള 02/09/2020 തിയ്യതിയിലെ ടെൻഡറിൽ മറ്റു മെയിന്റനൻസ് പ്രവർത്തികളോടൊപ്പം 766 എണ്ണം എൽ.ഇ.ഡി ലൈറ്റ് റിപ്പയർ ചെയ്യുന്നത് ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയും പിന്നീട് ഷൈജു സി. എഫ് എന്നയാളുടെ ടെൻഡർ അംഗീകരിച്ച് 03/2000-21 തിയ്യതി 28/09/20 ൽ കരാറിൽ ഏർപ്പെടുകയും അതു പ്രകാരം വിളക്കൊന്നിന് 400 രൂപ നിരക്കിൽ 766 എണ്ണത്തിന് ആകെ 288782 രൂപ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ തെരുവുവിളക്കുകളുടെ രജിസ്റ്റർ പരിശോധിച്ചതിൽ ടെൻഡർ തിയ്യതിയിൽ 766 എണ്ണം എൽ.ഇ.ഡി വിളക്കുകൾ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. ലഭ്യമായ രേഖകൾ പ്രകാരം 31/03/2021തിയ്യതിയിലെ സ്റ്റോക്ക് താഴെ ചേർക്കുന്നതാണ്.

| ഇനം | ഡബിൾ ട്യൂബ് | സിംഗിൾ ട്യൂബ് | LED ബൾബ് |
|---|---|---|---|
| വിളക്കുകളുടെ എണ്ണം | 1323 | 182 | 655 |

ടെൻഡർ തിയ്യതി മുതൽ സ്റ്റോക്ക് രേഖപ്പെടുത്തിയ 31/03/21 വരെ വിളക്കുകളുടെ എണ്ണം സ്റ്റോക്കിൽ നിന്ന് കുറവ് ചെയ്യാത്തതിനാൽ ഇത്രയും വിളക്കുകൾ തന്നെ ടെൻഡർതിയ്യതിയിലും ഉണ്ടായിരുന്നതായി കരുതാവുന്നതാണ്. പിന്നീട് 2021-22 വർഷത്തിൽ 486 എണ്ണം എൽ.ഇ.ഡി വിളക്കുകൾ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 01/10/21 ന് മാത്രമാണ് വാങ്ങി സ്റ്റോക്കിൽ ചേർത്തിട്ടുള്ളത്. ആയതിനാൽ ടെൻഡർ തിയ്യതിയിൽ ഇല്ലാത്ത 111 എൽ.ഇ.ഡി വിളക്കുകൾക്ക് ഏത്

സാഹചര്യത്തിലാണ് എ.എം.സി നൽകാനിടയായത് എന്ന ഓഡിറ്റ് അന്വഷണത്തിന് (ഓഡിറ്റ് അന്വേഷണം. 4/19-12-22) സി.എസ്.ആർ ഫണ്ട് മുഖാന്തിരം ലഭിച്ച 100 ബൾബുകൾ സ്റ്റോക്കിൽ ചേർക്കാൻ വിട്ടു പോയതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. മാത്രമല്ല മാടക്കത്തറ പഞ്ചായത്തിന്റെ 2022-ലെ അവസ്ഥാ രേഖ ഓഡിറ്റിൽ ഹാജരാക്കുകയുണ്ടായി. ഇതിൽ ഇക്കാലയളവിൽ 755 എണ്ണം എൽ.ഇ.ഡി വിളക്കുകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ീ വിവരം സ്റ്റോക്കിൽ ചേർത്തിരുന്നില്ല. കൃത്യമായി സ്റ്റോക്ക് സൂക്ഷിക്കുന്നതിലുള്ള അലംഭാവമാണ് ഇതിൽ കാണാൻ കഴിയുന്നത്. സ്റ്റോക്ക് രജിസ്റ്റർ വാർഡ് അടിസ്ഥാനത്തിലുള്ള എൽ.ഇ.ഡി ,ഇതര വിളക്കുകളുടെ എണ്ണം ചേർത്ത് പുതുക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-23 കുടിവള്ള വിതരണം - ജി.പി.എസ് പ്രിന്റൗട്ട് ഹാജരാക്കിയിട്ടില്ല. ചെലവു തുക 673200 രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നമ്പർ – 198/22

പ്രോജക്ടിന്റെ പേര് –ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം.

വൗച്ചർ നമ്പർ –22100317/ 27-07-21

നിർവഹണോദ്യോഗസ്ഥൻ.സെക്രട്ടറി

പ്രോജക്ടിൽ കുടിവെള്ളവിതരണം കരാറെടുത്ത അസീസ് വി. എ, എന്നയാൾക്ക് ആകെ 400 ട്രിപ്പിന് ട്രിപ്പൊന്നിന് 1700 രൂപ നിരക്കിൽ 680000 രൂപയിൽ ഇൻകം ടാക്സ് കഴിച്ച് 673200 രൂപ നൽകിയിട്ടുണ്ട്. എന്നാൽ 400 ട്രിപ്പ് എന്നതിന് ആധികാരികമാക്കിയ ജി.പി.എസ് റൂട്ട് ചാർട്ട് ഫയലിൽ ഇല്ല. സമ്മറി റിപ്പോർട്ട് മാത്രമാണ് ഫയലിൽ ഉള്ളത്. സമ്മറി റിപ്പോർട്ടിലും, ട്രിപ്പ് ഷീറ്റിലും ഒരു ദിവസത്തെആകെ ഓടിയ ദൂരമാണ് കാണിച്ചിട്ടുള്ളത്. 400 ട്രിപ്പ് എന്നത് എന്ത് അടിസ്ഥാനരേഖയെ ആധാരമാക്കിയാണ് എന്ന് ഓഡിറ്റിനെ അറിയിക്കേണ്ടതും പ്രസ്തുത രേഖ ഹാജരാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ. 1/16-12-22) ജി.പി.എസ് രേഖകൾ പിന്നീട് എറണാകുളത്തുള്ള NESWA സൊല്യൂഷൻസ് സെർവറിൽ നിന്നും ശേഖരിച്ച് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത രേഖയുടെ അഭാവത്തിൽ 673200 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 ആശ്രയ ഭവനനിർമ്മാണം നൽകിയ തുക ചെലവഴിക്കാതെ ബാക്കി നിൽക്കുന്നു.

പ്രോജക്റ്റ് നമ്പർ - 112/22

നിർവ്വഹണോദ്യോഗസ്ഥൻ - അസി. സെക്രട്ടറി

വൗച്ചർ നമ്പർ/തിയ്യതി - 22101295/21-01-2022

പ്രോജക്ടിന്റെ ഭാഗമായി പൊതുവിഭാഗം സാധാരണ വിഹിതം ഫണ്ടിനത്തിൽ നിന്നും 320000 രൂപ ആശ്രയ ഭവന പദ്ധതിക്കായി സി.ഡി.എസ് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. 24/01/22 തിയ്യതിയിൽ ഈ തുക സി.ഡി.എസ് അക്കൗണ്ടിൽ വരവു വെച്ചിട്ടുണ്ട്. എന്നാൽ ഈ തുകയിൽ നിന്നും നാളിതു വരെ 40000 രൂപ 2022 നവംബർ മാസത്തിൽ പിൻവലിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (16/21.12.2022) തുക ഭവനപുനരുദ്ധാരണം ഏറ്റെടുത്ത് നടത്തുന്നതിനായി ഒന്നാം വാർഡ് എ.ഡി.എസ് അക്കൗണ്ടിലേക്ക് നൽകി എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ എ.ഡി.എസ് ഈ തുക എങ്ങിനെ ചെലവഴിച്ചു എന്നതിന് രേഖകൾ ഹാജരാക്കിയിട്ടില്ല, ആയത് ഹാജരാക്കേണ്ടതാണ്. ബാക്കി ഈയിനത്തിൽ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക 280000 രൂപ ചെലവഴിക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ.16/21-12-22).

## 1-25 തൊഴിലുറപ്പു പദ്ധതിയിലെ അപാകതകൾ ചുവടെ ചേർക്കുന്നു. അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ അറിയിക്കേണ്ടതാണ്

തൊഴിലുറപ്പു പദ്ധതി പ്രോജക്ടുകളുടെ പരിശോധനയിൽ താഴെ കാണും പ്രകാരം അപാകതകൾ കാണുന്നു.

1. 01/10/21 മുതൽ 31/03/22 വരെ നടത്തിയ തൊഴിലുറപ്പു പ്രവർത്തനങ്ങളുടെ സോഷ്യൽ ഓഡിറ്റിൽ റിപ്പോർട്ടിലെ ആക്ഷൻ ടെയ്ക്കൺ റിപ്പോർട്ടിലെ ഖണ്ഡിക 6 മുതൽ 10 വരെ ഖണ്ഡികകളിലെ പരാമർശത്തിന്റെ

അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഫയലുകൾ പരിശോധനാവിധേയമാക്കുകയുണ്ടായി. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ ഇതു പ്രകാരം താഴെ ചേർക്കുന്ന ഫയലുകളിൽ സ്കിൽഡ്, അൺസ്കിൽഡ് പണിക്കൂലി നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഒന്നും നടന്നിട്ടില്ല എന്ന് ഫയലിൽ ചേർത്തിട്ടുണ്ട്. പ്രവൃത്തികളുടെ ഫയൽ നമ്പർ താഴെ ചേർക്കുന്നു.

| ഫയൽ നമ്പർ | പ്രവൃത്തിയുടെ പേര് | നൽകിയ തുക | എം.ബുക്ക് നമ്പർ/പേജ് |
|---|---|---|---|
| IF/641492 | കമ്പോസ്റ്റ് നിർമ്മാണം | അൺസ്കിൽഡ്- 1164<br>സ്കിൽഡ്- 2640 | MB.No.586/21-22 Page. 8 |
| IF/536406 | കമ്പോസ്റ്റ് നിർമ്മാണം | അൺസ്കിൽഡ്- 1164<br>സ്കിൽഡ്- 2640 | MB.No. 584/21-22 Page. 8 |
| IF/641500 | കമ്പോസ്റ്റ് നിർമ്മാണം | അൺസ്കിൽഡ്- 1164<br>സ്കിൽഡ്- 2640 | MB.No. 589/21-22 Page.8 |
| IF/536417 | കമ്പോസ്റ്റ് നിർമ്മാണം | അൺസ്കിൽഡ്- 1164<br>സ്കിൽഡ്- 2640 | MB.No. 585/21-22 Page.8 |
| IF/536414 | കമ്പോസ്റ്റ് നിർമ്മാണം | അൺസ്കിൽഡ്- 1164<br>സ്കിൽഡ്- 2640 | MB.NO.588/21-22 Page.8 |

ബന്ധപ്പെട്ട ഫയൽ ഓഡിറ്റ് സമയത്ത് പരിശോധിക്കുകയുണ്ടായി. മറ്റൊരു പ്രവൃത്തിയും നാളിതു വരെ നടന്നിട്ടില്ല എന്നു കാണുന്നു. മാത്രമല്ല എം. ബുക്കുകൾ എല്ലാം തന്നെ എഴുതിയിട്ടുള്ളത് 04/03/2022 തിയ്യതിയിലാണ്. കഴിഞ്ഞ ഒൻപത് മാസമായിട്ടും യാതൊരു പ്രവൃത്തിയും നടക്കാത്ത സാഹചര്യത്തിൽ നടക്കാത്ത പ്രവൃത്തിക്ക് നൽകിയ തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. പടിഞ്ഞാറെ വെള്ളാനിക്കര പ്രദേശത്തെ സോക്ക് പിറ്റ് നിർമ്മാണം – സതി അജയൻ

ഈ പ്രവൃത്തിയിൽ ആകെ ചെലവായ തുക 5666 രൂപയാണ്. (എം.ബി.നമ്പർ.162/20-21 പേജ്.6

തൊഴിൽ കൂലി ഇനത്തിൽ 2037 രൂപ സതി വിജയന് കൈമാറിയിട്ടുണ്ട്. ബാക്കി നൽകാവുന്ന തുക 3629 മാത്രമാണ്. എന്നാൽ മെറ്റീരിയൽ വിലയായി 4157 രൂപ കൈമാറിയിട്ടുണ്ട്. ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും കൂടുതൽ തുക കൈമാറിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

ബിൽ പ്രകാരം സതി എന്നയാളാണ് മെറ്റീരിയൽ വാങ്ങിയിരിക്കുന്നത്. (ഊട്ടോളി ആന്റ് കമ്പനി, ഇൻവോയ്സ് നമ്പർ.6985/24-11-20). എന്നാൽ തുക നൽകിയിരിക്കുന്നത് ADS XII Th Ward എന്ന പേരിലാണ്. ഇതിന് സതി വിജയൻ ഒരു സമ്മതപത്രം എഴുതി നൽകിയിട്ടുണ്ട്. ഗുണഭോക്താവിൻറെ അക്കൗണ്ടിലേക്ക് തുക നൽകാതെ ഏത് സാഹചര്യത്തിലാണ് ADS അക്കൗണ്ടിലേക്ക് നൽകിയത് എന്ന് വ്യക്തമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് മറുപടി നൽകിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ) തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ അപാകതകൾ പരിഹരിക്കുന്നതിന് ക്രമപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

### 1-26 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവർത്തികളിൽ തുക വിനിയോഗിച്ചതു കാണിക്കുന്ന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

ഓഡിറ്റ് എൻക്വയറി നമ്പർ – 2/19-12-2022

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | വൗച്ചർ നമ്പർ | തിയ്യതി | തുക | തുക നിക്ഷേപിക്കപ്പെട്ട സ്ഥാപനം |
|---|---|---|---|---|---|---|
| 1 | 06/21-22 | ഐ.കെ.എം. വിഹിതം നൽകൽ | 22101111 | 14/07/21 | 109548 | ഇൻഫർമേഷൻ കേരള വിഷൻ |
| 2 | 28/22 | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22100973 | 11/03/22 | 156259 | KSEB, മണ്ണുത്തി, രാമവർമ്മപുരം, പൂന്നം പറമ്പ് |
| 3 | 28/22 | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22100832 | 18/01/22 | 5916 | KSEB, മണ്ണുത്തി |
| 4 | 234/21-22 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റിനായി സ്ട്രീറ്റ് മെയിൻ വലിക്കലും | XVFC/21-22P/18 | 04/03/2022 | 867927 | KSEB, മണ്ണുത്തി |
| 5 | 131/21-22 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റിനായി സ്ട്രീറ്റ് മെയിൻ വലിക്കലും | XVFC/21-22P/16 | 03/03/2022 | 357457 | KSEB, മണ്ണുത്തി |

1-27 ലാപ്ടോപ് നാളിതുവരെ ലഭ്യമായില്ല

നിർവ്വഹണോദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പ്രോജക്റ്റ് നമ്പർ - 25/22

പദ്ധതി – ചിറക്കകോട് മൃഗാശുപത്രിയിലേക്ക് പ്രിന്റർ സ്കാനർ ഫർണിച്ചർ വാങ്ങൽ

വൗച്ചർ നമ്പർ : 22101166 തിയ്യതി : 1.10.21 തുക : 51973

പദ്ധതി പ്രകാരം പ്രിന്റർ (Inv.no. TVM/IT BG/PI/RC30193/20-21 Dtd.29.9.21 തുക 12953) ലാപ്ടോപ്പ് (Inv.no. TVM/IT BG/PI/RC30192/20-21 Dtd. 29.9.21 തുക39020 ) എന്നിവ വാങ്ങുന്നതിനായി മേൽ തുക കേരള ഐ.ടി മിഷന് കൈമാറിയിട്ടുണ്ട്. പ്രിന്റർ ലഭ്യമായെങ്കിലും ലാപ്ടോപ്പ് നാളിതുവരെ ലഭ്യമായിട്ടില്ല.

ലാപ്ടോപ്പ് ലഭ്യമാക്കുന്നതിന് കെൽട്രോണുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ടെന്ന്

ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (നമ്പർ19/12-12-2022) ലാപ്ടോപ്പ് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-28 ഹരിത കർമ്മസേന തുടർ പ്രവർത്തനങ്ങൾ-അപാകതകൾ

പ്രോജക്റ്റ് നമ്പർ. 153/22

ഹരിത കർമ്മസേന പ്രവർത്തനങ്ങൾ – വയബിലിറ്റി ഗ്യാപ് ഫണ്ട്

നിർവ്വഹണോദ്യോഗസ്ഥൻ - വി.ഇ.ഒ (വെള്ളാനിക്കര)

ഹരിത കർമ്മസേനയുടെ തുടർ പ്രവർത്തനങ്ങൾക്കായി ഓഡിറ്റ് വർഷം താഴെ ചേർക്കും പ്രകാരം തനത് ഫണ്ടിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തിയ്യതി | തുക |
|---|---|---|---|
| 1 | 22100352 | 5.8.21 | 25270 |
| 2 | 22100353 | 5.8.21 | 800 |
| 3 | 22100354 | 5.8.21 | 18000 |
| 4 | 22100355 | 5.8.21 | 9000 |
| 5 | 22100514 | 8.10.21 | 42920 |
| 6 | 22100726 | 14.12.21 | 28713 |
| 7 | 22100976 | 11.3.22 | 61922 |
| ആകെ | | | 186625 |

തുടർ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു

1. യൂസർ ഫീ ഇനത്തിൽ ലഭിക്കുന്ന തുക, പാഴ് വസ്തുക്കൾ വിറ്റ് കിട്ടുന്ന തുക, മറ്റിനങ്ങളും ചേർത്ത് ലഭിക്കേണ്ടുന്ന പ്രതീക്ഷിത പ്രതിമാസ വരുമാനവും പ്രതിമാസം ലഭിക്കുന്ന വരുമാനവും തമ്മിലുള്ള വ്യത്യാസം കണക്കാക്കുമ്പോൾ കുറവ് വരുന്ന തുകയാണ് വയബിലിറ്റി ഗ്യാപ് ഫണ്ട് ആയി നൽകേണ്ടത്. ഇപ്രകാരം നൽകേണ്ടുന്ന തുക കണക്കാക്കാതേയാണ് ഗ്യാപ് ഫണ്ട് നൽകിയിരിക്കുന്നത്.

വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് അതാതു സമയത്ത് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ കർശനമായി പാലിക്കേണ്ടതാണ്.

2. ഹരിത കർമ സേന ഉപയോഗിക്കുന്ന രസീതുബുക്കുകളുടെ സ്റ്റോക്ക്, അവയുടെ വിതരണ വിവരം എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. രസീതുബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 19 തിയതി 22.12.22 )

## 1-29 മരാമത്ത് പ്രവൃത്തിയുടെ കരാർ വയ്ക്കാൻ വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും അങ്ങനെ ചെയ്യാത്ത പക്ഷം 14 ദിവസം മുതൽ 10 ദിവസത്തിനകം കരാർ തുകയുടെ 1% പിഴ ഈടാക്കി ഉടമ്പടി വയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ 2021-22 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കുകയോ കരാർ റദ്ദാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തിയതി | പിഴ കൂടാതെ എഗ്രിമെന്റ് | എഗ്രിമെന്റ് വെച്ച തിയതി, | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | വെക്കേണ്ട അവസാന തിയതി | നം. | |
| 1 | പ്രോജക്ട് നമ്പർ - 67/22 ചോണാട്ടുപ്പാടം റോഡ് റീടാറിങ്ങ്<br>അടങ്കൽ - 385000 (സംരക്ഷണഗ്രാന്റ് റോഡ്)<br>കരാർ തുക –331427<br>കരാറുകാരൻ - എം. ഗോഗിൻ<br>എഗ്രിമെന്റ് നം.: 21/AE/LSGD /MDK/2021-22 തീയതി 25.11.2021<br>ട്രഷറി ബിൽ നമ്പർ – 30/26.2.2022<br>ചെലവ് തുക – 371198 | 29.10.2021 | 12.11.2021 | 25.11.2021 | 3314 |
| 2 | പ്രോജക്ട് നമ്പർ - 48/22 വിദ്യാനഗർ 3rd സ്ട്രീറ്റ് റോഡ്<br>അടങ്കൽ<br>പൊതു- സാധാ-200000<br>തനത് ഫണ്ട് - 185000<br>കരാർ തുക – 343539/- ടെണ്ടർ അധികം 10% അടക്കം)<br>കരാറുകാരൻ - എം. ഗോഗിൻ<br>എഗ്രിമെന്റ് നം.: 22/E/LSGD /MDK/21-22 തീയതി 25.11.2021<br>ട്രഷറി ബിൽ നമ്പർ – 31/26.2.2022 – 200000 | 30.10.2021 | 13.11.2021 | 25.11.2021 | 3435 |

| | | | | | |
|---|---|---|---|---|---|
| | ചെക്ക് നമ്പർ 5076026/5.3.2022 തുക 167974<br>ചെലവ് തുക – 367974 | | | | |
| 5 | പ്രോജക്ട് നമ്പർ - 60/22 – മൈത്രി റോഡ് നിർമ്മാണം<br>അടങ്കൽ - പൊതു-സാധാ- 130092<br>തനത് - 67908<br>കരാർ തുക – 176702/-<br>കരാറുകാരൻ - സനംകുമാർ<br>എഗ്രിമെന്റ് നം.: 34/AE/LSGD /MDK/21-22 തീയതി 26.11.2021<br>ട്രഷറി ബിൽ നമ്പർ – 38/04.03.2022 – 130092<br>059571/14.3.2022-64252<br>ചെലവ് തുക – 194344 | 27.10.2021 | 10.11.2021 | 26.11.2021 | 1767 |
| | ആകെ | | | | 8516 |

മുകളിൽ പറഞ്ഞുപ്രകാരം 8516 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 9/20.12.2022)

## 1-30 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി കുഴിച്ചെടുത്ത 174.06 ക്യൂബിക് മീറ്റർ മണ്ണിന്റെ വിനിയോഗ വിവരം എം. ബുക്കിൽ രേഖപ്പെടുത്തുകയോ മൂല്യം കണക്കാക്കി സെക്രട്ടറിക്ക് കൈമാറുകയോ ചെയ്തിട്ടില്ല. ലേല രജിസ്റ്റർ പ്രകാരം ഈ മണ്ണ് ലേലം ചെയ്ത് കൊടുത്തതായും കാണുന്നില്ല.

| പ്രോജക്ട് നമ്പർ | 137/22 | 213/22 |
|---|---|---|
| പ്രോജക്ടിന്റെ പേര് | അക്കരപ്പുറം മുതൽ മാടക്കത്തറ വില്ലേജ് ഓഫീസ് പരിസരം വരെ അഴുക്കുചാൽ | അക്കരപ്പുറം മുതൽ മാടക്കത്തറ വില്ലേജ് പരിസരം വരെ അഴുക്കുചാൽ രണ്ടാം ഘട്ടം |
| കരാറുകാരൻ | എ വി അബ്ദുൾ കാദർ | എ. വി അബ്ദുൾ കാദർ |
| മണ്ണിന്റെ അളവ് | 127.54 എം3 | 46.52 എം3 |
| എം. ബുക്ക് | 310/2021-22 | 569/21-22, 355/21-22 |

| | | |
|---|---|---|
| നമ്പർ | | |
| ചെലവ് തുക | 279800 | 298980 |
| വൗച്ചർ നമ്പർ/തീയതി | XVFC/2021-22 /P/7/10.1.2022 | XVFC/2021-22 /P/29/27.3.2022 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 23/23.12.2022-ന് മറുപടിയായി മണ്ണ് പഞ്ചായത്തിന്റെ തേറമ്പം ഗ്രൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് എന്നും മണ്ണ് നീക്കംചെയ്യുന്നതിനുള്ള പെർമിറ്റ് ജിയോളജി വകുപ്പ് നൽകാത്തതിനാലാണ് ലേലനടപടികൾ സ്വീകരിക്കാത്തത് എന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചത്. വിപണിയിൽ വൻ വിലയുള്ള റെഡ് എർത്ത് പഞ്ചായത്ത് ഗ്രൗണ്ടിൽ സുരക്ഷിതത്വമില്ലാതെ കൂട്ടിയിടുന്നത് നഷ്ടപ്പെട്ടുപോകുന്നതിന് ഇടയാക്കും. ജിയോളജി വകുപ്പിൽ നിന്നും പെർമിറ്റ് ലഭ്യമാക്കി മണ്ണ് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 അസി. എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ

അസി. എഞ്ചിനീയർ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. റോഡ് പ്രവൃത്തികൾ ഏറ്റെടുത്തത് റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും കാലികമാക്കിയിട്ടാണോ എന്ന് ഉറപ്പുവരുത്തിയിട്ടില്ല.

2. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ പുതുക്കിയ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

3. സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖ പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യകത വിലിയരുത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുന്ന രേഖകളും സൂക്ഷിച്ചിട്ടില്ല.

4. 2012-ലെ പി.ഡബ്ള്യു.ഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തന കലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

5. കാഷ് ബുക്ക് ഓരോ ദിവസവും ക്ലോസ് ചെയ്യുന്നില്ല. ഓൺ ലൈൻ പേമെന്റുകളുടെ വിവരം കാഷ് ബുക്കിലോ മറ്റേതെങ്കിലും രജിസ്റ്ററിലോ രേഖപ്പെടുത്തുന്നില്ല.

6. എഗ്രിമെന്റിലോ എഗ്രിമെന്റ് രജിസ്റ്ററിലോ പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി ചേർക്കുന്നില്ല.

7. മരാമത്ത് പ്രവൃത്തികളുടെ സ്വഭാവം പരിഗണിക്കാതെ എല്ലാ പ്രവൃത്തികൾക്കും ടെക്നിക്കൽ സാങ്ഷൻ ഉത്തരവ് പ്രകാരം പൂർത്തീകരണ കാലാവധി 6 മാസം എന്ന് രേഖപ്പെടുത്തി കാണുന്നു.

മുകളിൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 26/23.12.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-32 റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില

ഈടാക്കിയിട്ടില്ല

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തിൽ നടപ്പാക്കിയ റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതായിരുന്നു. എന്നാൽ കാലി ബാരലിന്റെ വില ഈടാക്കാതെയാണ് കരാറുകാർക്ക് ബിൽ തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | കരാറുകാരൻ | എം.ബി നമ്പർ | ട്രഷറി ബിൽ നമ്പർ/തീയതി | ചെലവ് തുക | ബിറ്റുമിൻ ഇനം(kg) | ഉപയോഗിച്ച ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട തുക @281/- (18% GST ഉൾപ്പെടെ) |
|---|---|---|---|---|---|---|---|---|
| 1 | 165/22 – വൃന്ദാനവൻ റോഡ് മെയിന്റനൻസ് | ഇ. ജി സുരേഷ് | 234/20-21 | 1/12.8.21 | 113676 | RS1 –91.58 VG30-930.01 | 6.42 | 1804 |
| 2 | 175/22 ആനന്ദനഗർ-കച്ചിത്തോട് റോഡ് മെയിന്റനൻസ് | എ. വി അബ്ദുൾ കാദർ | 225/20-21 | 2/12.8.21 | 91468 | RS1 –72 VG30 – 742.84 | 5.12 | 1439 |
| 3 | 166/22 സുധി നഗർ റോഡ് മെയിന്റനൻസ് | ഇ. ജി സുരേഷ് | 237/20-21 | 3/12.8.21 | 299620 | RS1 –211.33 VG30 – 2356.8 | 16.06 | 4513 |
| 4 | 173/22 മേനോൻ റോഡ് മെയിന്റനൻസ് | ഇ. ജി സുരേഷ് | 233/20-21 | 5/12.8.21 | 18777 | RS1-74.66 VG30-801.32 | 5.51 | 1548 |
| 5 | 177/22 - താണിക്കുടം പഞ്ചായത്ത് ഓഫീസ് റോഡ് മെയിന്റനൻസ് | ഇ. ജി സുരേഷ് | 257/21 | 8/12.8.21 | 406473 | RS1-278.64 VG30-2842.32 | 19.61 | 5510 |
| 6 | 159/22 – കിഴക്കുമ്മുറി റോഡ് ബൈലൈൻ | ഒ. കെ സാബു | 258/21 | 11/7.9.21 | 597308 | RS1-323.88 VG30-3321.61 | 23.07 | 6483 |
| 7 | 161/22 – പനമ്പിള്ളി ചെട്ടിക്കാട് മരോട്ടിച്ചുവട് റോഡ് പുനരുദ്ധാരണം | അബ്ദുൾ കാദർ | 255/19-20 | 12/11.10.21 | 1504964 | SS1-5198.3 RS1-1681.8 VG30-12904.02 | 119.68 | 33630 |
| 8 | 184/22 – ചിറക്കാക്കോട് ശ്രീനാരായണ റോഡ് അറ്റകുറ്റപ്പണി | പി. വിനോദ് | 300/21-22 | 32/26.2.22 | 356828 | RS1-203.03 VG30-2264.04 | 15.52 | 4361 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 9 | 160/22 – കുറ്റിക്കാട് ഫാം ബണ്ട് റോഡ് | ടി. ആർ ഹിരൺ | 336/18-19 | 13/11.10.21 | 356513 | SS1-566.1 RS1-183.15 VG30-1405.26 | 13 | 3653 |
| 10 | 67/22 ചോണാട്ടുപാടം റോഡ് റീ ടാറിങ്ങ് | എം. ഗോഗിൻ | 338/21-22 | 30/26.2.22 | 371198 | RS1-213.03 VG30-1997.75 | 13.86 | 3895 |
| 11 | 49/22 – വിദ്യാനഗർ 3rd സ്ട്രീറ്റ് റോഡ് | എം. ഗോഗിൻ | 299/21-22 | 31/26.2.22 5076026/5.3.22 | 200000 167974 | SS1-318.75 RS1-103.13 VG30-791.25 | 7.33 | 2060 |
| 12 | 54/22 പേരേപ്പാടം റോഡ് റീടാറിങ്ങ് | അഖിൽ ശശി | 336/21-22 | 37/28.2.22 | 439117 | RS1-252.35 VG30-2691.97 | 18.51 | 5201 |
| 13 | 45/22 സോഷ്യൽ നഗർ റോഡ് റീടാറിങ്ങ് | ടി. കെ ഡേവിസ് | 348/21-22 | 39/4.3.22 | 304172 | RS1-173.54 VG30 – 1931.15 | 13.24 | 3720 |
| 14 | 76/22 മാങ്ങോട് റോഡ് | ടി. കെ ഡേവിസ് | 298/21-22 | 40/4.3.22 | 274749 | RS1-169.04 VG30-1778.86 | 12.25 | 3442 |
| 15 | 62/22 – അയ്യംപാറ-പോപ്പ്നഗർ റോഡ് റീടാറിങ്ങ് | ഇ. ജി സുരേഷ് | 346/21-22 | 42/11.3.2022 | 329915 | RS1-200.612 VG30-2127.277 | 14.63 | 4111 |
| 16 | 34/22 കരുവാൻകാട്-മുട്ടിക്കൽ-മരോട്ടിച്ചുവട് റോഡ് | ഇ. ജി സുരേഷ് | 311/21-22 | 43/11-3-2022 | 384412 | RS1-219.38 VG30-2439.07 | 16.72 | 4698 |
| 17 | 22/22 ആസാദ് റോഡ് നിർമ്മാണം | എ. വി അബ്ദുൾകാദർ | 288/21-22 | 053866/12.4.2022 | 676817 | SS1-734.4 RS1-237.6 VG30-1823.04 | 16.89 | 4746 |
| 18 | 65/22 ആനന്ദനഗർ-കച്ചിത്തോട് റോഡ് റീടാറിങ്ങ് | എ. വി അബ്ദുൾ കാദർ | 306/21-22 | 55/24.3.22 | 329384 | RS1-202.75 VG30-2131.54 | 14.67 | 4122 |
| 19 | 232/22 മാടക്കത്തറ നാല് സെന്റ് കോളനി റോഡ് കോൺക്രീറ്റിങ്ങ് | ടി. എൻ സുരേഷ് | 359/21-22 | 56/25.3.2022 053867/20.04.2022 | 646904 26823 | RS1-113.49 VG30 – 1261.156 | 8.64 | 2428 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | & റീടാറിങ്ങ് | | | | | | | |
| 20 | 42/22 ഹരിതനഗർ റോഡ് നിർമ്മാണം | ഇ. ജി സുരേഷ് | 321/21-22 | 053857/ 17.3.2022 | 408223 | SS1-323.85 RS1-104.78 VG30-803.91 | 7.43 | 2088 |
| | ആകെ | | | | | | | 103452 |

മുകളിൽ പറഞ്ഞ പ്രകാരം കാലി ബാരൽ വില ഈടാക്കാതിരുന്നതിന്റെ കാരണം ഓഡിറ്റിൽ അറിയിക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 7/20.12.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി ടാറിന് എക്സസ് കോസ്റ്റ് അനുവദിക്കാത്തതിനാലാണ് കാലി ബാരൽ വില ഈടാക്കാതിരുന്നത് എന്നാണ് അറിയിച്ചത്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. മുകളിൽ പറഞ്ഞ പ്രകാരം കാലിബാരൽ വില ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-33 പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012-ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി ദീർഘിപ്പിച്ച് നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PAC യുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് കരാർ കാലയളവിന്റെ 25% അനുവദിക്കുമ്പോൾ PAC യുടെ 2% പിഴ ഈടാക്കേണ്ടതാണ്. അസി. എഞ്ചിനീയർ 2021-22 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലവധി നീട്ടി നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എഗ്രിമെന്റ് തീയതി | പൂർത്തീകരിക്കേണ്ട തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ - 158/22- മാടക്കത്തറ കുടുംബക്ഷേമ ഉപകേന്ദ്രം അറ്റകുറ്റപ്പണി<br>അടങ്കൽ - 162286/-<br>കരാർ തുക – 357109.89<br>കരാറുകാരൻ - എ എം അശോകൻ<br>എഗ്രിമെന്റ് നം.49/AE /LSGD/MDK/19-20 തീയതി 20.01.2020<br>അളവു പുസ്തകം- 245/21, 257/19-20<br>ട്രഷറി ബിൽ നമ്പർ - 4/12.08.2021<br>ചെലവ് തുക – 143494/- (2nd | 20.01.2020 | 19.01.2021<br>(സ.ഉ.(സാധാ)/.നം.1444 /2021/തസ്വഭവ. തീയതി 31.07.2021 പ്രകാരം പൂർത്തീകരണ കാലാവധി 6 മാസം കൂടി നീട്ടിയത് പ്രകാരം) | 10.02.2021 | 3571<br>(1%) |

| | | | | | |
|---|---|---|---|---|---|
| | & Final Bill)<br>(സാങ്കേതിക അനുമതി പ്രകാരം പൂർത്തീകരണ കാലാവധി 6മാസം) | | | | |
| 2 | പ്രോജക്റ്റ് നമ്പർ - 160/22- കുറ്റിക്കാട് ഫാം ബണ്ട് റോഡ്<br>അടങ്കൽ - 408078/-<br>കരാർ തുക – 847726.62<br>കരാറുകാരൻ - ടി ആർ ഹിരൺ<br>എഗ്രിമെന്റ് നം.37/AE /LSGD/MDK/19-20 തീയതി 27.12.19<br>അളവു പുസ്തകം- 336/18-19<br>ട്രഷറി ബിൽ നമ്പർ - 13/11.10.2021<br>ചെലവ് തുക – 356513/- (2nd & Final Bill)<br>(സാങ്കേതിക അനുമതി പ്രകാരം പൂർത്തീകരണ കാലാവധി 6 മാസം) | 27.12.2019 | 26.12.2021<br>(സ.ഉ.(സാധാ)/.നം.1444 /2021/തസ്വഭവ. തീയതി 31.07.2021 പ്രകാരം പൂർത്തീകരണ കാലാവധി 6 മാസം കൂടി നീട്ടിയത് പ്രകാരം) | 22.02.2021 | 25432<br>(3%) |
| 3 | പ്രോജക്റ്റ് നമ്പർ - 174/22- മണ്ണാറുണ്ണിക്കുളം പുനരുദ്ധാരണം<br>അടങ്കൽ - 2500000/-<br>കരാർ തുക – 2228808/-<br>കരാറുകാരൻ - ഷൈജൻ കെ ടി<br>എഗ്രിമെന്റ് നം.04/AE /LSGD/MDK/21-22 തീയതി 11.10.2021<br>അളവു പുസ്തകം- 323/21-22, 305/21-22<br>വൌച്ചർ നമ്പർ - 22101405/27.3.2022<br>ചെലവ് തുക – 1211127/- (1st & Part Bill) പ്രവൃത്തി 2022-23-ൽ പൂർത്തീകരിച്ചിട്ടുണ്ട്.ഫൈനൽ ബില്ലിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല | 11.10.2021 | 10.04.2022 | 14.06.2022 | 66864<br>(3%) |

| | | | | | |
|---|---|---|---|---|---|
| | (സാങ്കേതിക അനുമതി പ്രകാരം പൂർത്തീകരണ കാലാവധി 6മാസം) | | | | |
| 4 | പ്രോജക്ട് നമ്പർ - 142/22- പൊതു കിണറുകളുടെ സംരക്ഷണം<br>അടങ്കൽ - 666600/-<br>കരാർ തുക – 588808/-<br>കരാറുകാരൻ - എം വി ജോസ്<br>എഗ്രിമെന്റ് നം.59/AE /LSGD/MDK/21-22 തീയതി 29.01.2022<br>അളവു പുസ്തകം- 344/21-22, 345/21-22<br>വൌച്ചർ നമ്പർ - XVFC/2021-22 /P/28/26.3.2022<br>ചെലവ് തുക – 364706/-<br>(സാങ്കേതിക അനുമതി പ്രകാരം പൂർത്തീകരണ കാലാവധി 6മാസം) | 29.01.2022 | 28.07.2022 | 27.08.2022 | 5888<br>(1%) |
| | ആകെ | | | | 101755 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 9/20.12.2022-ന് മറുപടി ലഭ്യമാക്കിയില്ല. മുകളിൽ പറഞ്ഞ പ്രകാരം 101755/- രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-34 ഇ-ടെണ്ടർ ഫീ അടവാക്കിയിട്ടില്ല

2021-22 വർഷത്തിൽ അസി.എഞ്ചിനീയറുടെ അക്കൌണ്ടിൽ (അക്കൗണ്ട് നമ്പർ 3810885753-2 SBI പാറമേക്കാവ് ടെമ്പിൾ ബ്രാഞ്ച്) ലഭിച്ചതും പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കാത്തതുമായ ഇ-ടെണ്ടർ ഫീയുടെ വിവരം ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 25/23.12.2022 പ്രകാരം ആവശ്യപ്പെട്ടതിനുസരിച്ച് അസി. എഞ്ചിനീയർ ലഭ്യമാക്കിയ കണക്ക് പ്രകാരം 65866/- രൂപ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് കൈമാറാനുണ്ട്. ഈ തുക കൈമാറി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-35 ഓഡിറ്റിൽ പരിഹരിച്ച അപാകതകൾ

ഓഡിറ്റ് വർഷം ഓഡിറ്റ് കണ്ടെത്തിയ അപാകതകൾ ഓഡിറ്റ് എൻക്വയറിയിലൂടെ സ്ഥാപനത്തെ അറിയിച്ചിരുന്നു. തുടർന്ന് പഞ്ചായത്ത് തുടർ നടപടികൾ സ്വീകരിച്ച് അധികമായി നൽകിയ തുകകൾ തിരിച്ചടച്ച വിവരങ്ങൾ ഓഡിറ്റ് ഇംപാക്ട് ആയി താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഓഡിറ്റ് തടസ്സം | സ്ഥാപനം പരിഹരിച്ചതിന്റെ വിവരം |
|---|---|---|
| | പ്രോജക്ട് നമ്പർ. 133/22. തെരുവുവിളക്ക് സാമഗ്രികളുടെ | 21/12/2022-ലെ 1220000272 രസീത് പ്രകാരം 19208/- രൂപ |

| | | |
|---|---|---|
| | മെയിന്റനൻസിനുള്ള എഗ്രിമെന്റ് പ്രകാരം ആകെ നൽകാവുന്ന തുക 1030792/- രൂപയാണ് എന്നിരിക്കെ 1050000/- രൂപ കരാറുകാരന് നൽകിയ നടപടിമൂലം പഞ്ചായത്തിന് 19208 രൂപയുടെ നഷ്ടം (ഓഡിറ്റ് എൻക്വയറി നമ്പർ.3/19-12-22) | തനതുഫണ്ടിനത്തിലേക്ക് തിരിച്ചടച്ചു. |
| | പ്രോജക്റ്റ് നമ്പർ. 135/22<br>ഹരിത കർമസേനയ്ക്ക് വാഹനം വാങ്ങൽ എന്ന പദ്ധതിയിൽ<br>ശ്രീവരി ഓട്ടോ മോട്ടീവ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 10958 രൂപ അധികം നൽകിയത്. (ഓഡിറ്റ് എൻക്വയറി നമ്പർ- 5/19-12-22) ഫണ്ടിനം കേന്ദ്രാവിഷ്കൃത ഫണ്ട്. | 19/12/22 തിയ്യതിയിലെ 1220000274, 22/12/2022 തിയ്യതിയിലെ 1220000277 നമ്പർ രസീതികൾ പ്രകാരം 10958 രൂപ തിരിച്ചടച്ചു. |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 400000 | അംഗനവാടി അനുപൂരക പോഷകാഹാര പരിപാടി | 400000 | 400000 |
| | 2021-22 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| | | 200000 | പെയിൻ & പാലിയേറ്റീവ് കെയർ | 199997 | 3 |
| | | 400000 | ലൈഫ് മിഷൻ – ഭൂമിയുള്ള | 300000 | 100000 |

| | | | | | |
|---|---|---|---|---|---|
| | | | ഭവനരഹിതർക്ക് പാർപ്പിട നിർമ്മാണം (ജനറൽ) | | |
| | | 200000 | സുഭിക്ഷകേരളം പച്ചക്കറി കൃഷി പ്രോത്സാഹനം | 200000 | 0 |
| | | 500000 | സമഗ്ര നെൽകൃഷി വികസന പദ്ധതി | 500000 | 0 |
| | | 800000 | ലക്ഷംവീട് പദ്ധതിയിലെ വാസയോഗ്യമല്ലാത്ത ഇരട്ടവീട് ഒറ്റവീടാക്കൽ (ജനറൽ) | 0 | 800000 |
| | | 400000 | ലക്ഷംവീട് പദ്ധതിയിലെ വാസയോഗ്യമല്ലാത്ത ഇരട്ടവീട് ഒറ്റവീടാക്കൽ (എസ്.സി) | 0 | 400000 |
| | | 300000 | ലൈഫ് മിഷൻ – ഭൂമിയുള്ള ഭവനരഹിതർക്ക് പാർപ്പിട നിർമ്മാണം (എസ് സി) | 0 | 300000 |
| | | 300000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |
| | | 500000 | അക്കരപ്പുറം മുതൽ മാടക്കത്തറ വില്ലേജ് ഓഫീസ് പരിസരം വരെ അഴുക്കുചാൽ നിർമ്മാണം | 0 | 500000 |
| | | 660000 | ലൈഫ് മിഷൻ പാർപ്പിടനിർമ്മാണം (ജനറൽ) | 0 | 660000 |
| | | 300000 | ലൈഫ് മിഷൻ പാർപ്പിടനിർമ്മാണം (എസ്.സി) | 0 | 300000 |
| | | 1000000 | മണ്ണൂറുണി കുളം പുനരുദ്ധാരണം | 0 | 1000000 |
| | | 124400 | സുഭിക്ഷകേരളം ബയോഫ്ലോക്ക് മത്സ്യ കൃഷി യൂണിറ്റ് | 124400 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1300000 | പൂളാക്കൽ കനാൽ ബണ്ട് എസ്റ്റേറ്റ് റോഡ് | 1187892 | 112108 |
| | | 610900 | തണ്ണീർച്ചാൽ റോഡ് | 581687 | 29213 |

| | | | |
|---|---|---|---|
| 500000 | പകൽ വീട് | 0 | 500000 |
| 500000 | അംഗനവാടി അനുപൂരക പോഷകാഹാര പരിപാടി | 500000 | 0 |
| 400000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 400000 | 0 |
| 200000 | പെയിൻ & പാലിയേറ്റീവ് കെയർ | 0 | 200000 |
| 100000 | ലൈഫ് മിഷൻ –ഭൂമിയുള്ള ഭവനരഹിതർക്ക് പാർപ്പിട നിർമ്മാണം (ജനറൽ) | 0 | 100000 |
| 100000 | ലൈഫ് മിഷൻ –ഭൂമിയുള്ള ഭവനരഹിതർക്ക് പാർപ്പിട നിർമ്മാണം (എസ് സി) | 0 | 100000 |
| 400000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 400000 | 0 |
| 80000 | ആശ്രയ ഭവനനിർമ്മാണം | 0 | 80000 |
| 500000 | കോവിഡ് പ്രതിരോധ പ്രവർത്തനം അടിയന്തിര ആവശ്യത്തിനുള്ള പ്രോജക്ട് | 25624 | 474376 |
| 400000 | ലൈഫ് മിഷൻ പാർപ്പിട നിർമ്മാണം (ജനറൽ) | 0 | 400000 |
| 150000 | (ലൈഫ് മിഷൻ പാർപ്പിട നിർമ്മാണം –എസ്.സി) | 0 | 150000 |
| 407078 | കുറ്റിക്കാട് ഫാം ബണ്ട് റോഡ് | 356513 | 50565 |
| 1758857 | പനമ്പിള്ളി-ചെട്ടിക്കാട്-മരോട്ടിച്ചുവട് റോഡ്പുനരുദ്ധാരണം | 1504964 | 253893 |
| 459200 | സുഭിക്ഷകേരളം – വീട്ടുവളപ്പിലെ പടുതാക്കുളത്തിലെ മത്സ്യകൃഷി | 0 | 459200 |
| 1000000 | പടിഞ്ഞാട്ടുമുറി റോഡ് | 0 | 1000000 |

| | | | | |
|---|---|---|---|---|
| | | വാർഡ് 12 | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെഎസ്ഇബി | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 401679 | 0 | 401679 |
| കെഎസ്ഇബി | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 134491 | 0 | 134491 |
| കെഎസ്ഇബി | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 33904 | 0 | 33904 |
| കെഎസ്ഇബി | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 166096 | 0 | 166096 |
| കെഎസ്ഇബി | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 411840 | 0 | 411840 |
| കെഎസ്ഇബി | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 286443 | 0 | 286443 |
| കെഎസ്ഇബി | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 555333 | 0 | 555333 |
| കെഎസ്ഇബി | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 45569 | 0 | 45569 |
| കെഎസ്ഇബി | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 212744 | 0 | 212744 |
| കെഎസ്ഇബി | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 447928 | 0 | 447928 |
| കെഎസ്ഇബി | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 35747 | 0 | 35747 |
| കെഎസ്ഇബി | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 519116 | 0 | 519116 |
| കെഎസ്ഇബി | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 867927 | 0 | 867927 |
| | ആകെ | | | 4440527 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 2151476 |
| തൻവർഷം നിക്ഷേപിച്ച തുക | 453907 |
| ആകെ | 2605383 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2605383 |
| സ്ഥിരനിക്ഷേപങ്ങളുടെ വിവരം | തുക |

| | |
|---|---|
| തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് | 1750426 |
| അമ്പലപ്പാട് സർവ്വീസ് സഹകരണ ബാങ്ക് | 849957 |
| ഇക്വിറ്റി ഷെയർ | 5000 |
| ആകെ | 2605383 |

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | -- | 10371710 | 8673868 | 1621746 | 0 | 7052122 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 88051248 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 85463685 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 213723 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 673200 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം (ഭരണതല നടപടിയിലൂടെ ഈടാക്കേണ്ടത്)

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-32 | 103452 | പ്രവിത കെ. ആർ, അസി. എഞ്ചിനീയർ |
| 1-33 | 101755 | പ്രവിത കെ. ആർ, അസി. എഞ്ചിനീയർ |
| 1-29 | 8516 | പ്രവിത കെ. ആർ, അസി. എഞ്ചിനീയർ |

| ആകെ | 213723 | |
|---|---|---|

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 673200 | രാജേശ്വരി എം, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|---|
| 1-32 | 103452 | പ്രവിത കെ.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മാടക്കത്തറ ഗ്രാമപഞ്ചായത്ത് | പ്രവിത കെ. ആർ, കൊട്ടേക്കാട് വീട്, കുറ്റൂർ പി. ഒ, തൃശ്ശൂർ |
| 1-33 | 101755 | പ്രവിത കെ. ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മാടക്കത്തറ ഗ്രാമപഞ്ചായത്ത് | പ്രവിത കെ. ആർ, കൊട്ടേക്കാട് വീട്, കുറ്റൂർ പി. ഒ, തൃശ്ശൂർ |
| 1-29 | 8516 | പ്രവിത കെ. ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മാടക്കത്തറ ഗ്രാമപഞ്ചായത്ത് | പ്രവിത കെ. ആർ, കൊട്ടേക്കാട് വീട്, കുറ്റൂർ പി. ഒ, തൃശ്ശൂർ |

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|---|
| 1-23 | 673200 | രാജേശ്വരി എം, സെക്രട്ടറി | സർവ്വീസിൽ നിന്നും വിരമിച്ചു | രാജേശ്വരി എം, ശ്രീപദ്മം, ശ്രീകൃഷ്ണ നഗർ, ഒല്ലൂക്കര പി. ഒ, തൃശ്ശൂർ |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ

ഓഡിറ്റ് അദാലത്തിന് ശേഷം ഇനി തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന | തീർപ്പാക്കാൻ അവശേഷിക്കുന്ന | റിമാർക്സ് (CAR/CASE |
|---|---|---|---|---|---|

| | | | ഖണ്ഡികളുടെ ആകെ എണ്ണം | ഖണ്ഡികകൾ | /CH/SCH) |
|---|---|---|---|---|---|
| 1 | 1998-99 ചെലവ് | LFT11-168/2001 തി. 08.03.2001 28.04.2001 | 12 | 14, 17, 29(a)(b),(c), 30, 32, 33(b), 34, 35, 43(a)(b), 44(a)(b)(c)(d), 48, 49 | |
| 2 | 1999-2000 | LFT 11-1016/2003 തി. 12.01.2001 | 2 | 24, 25 | |
| 3 | 2000-2001 | LFT11 981/2004 തി. 17.08.2004 | 1 | 7 | |
| 4 | 2001-2002 | LFT11 1357/2006 തി.13.10.06/ 06.01.07 | 8 | 2-1(1), 3-1, 3-6, 3-8, 3-10, 3-11, 3-12, 3-13 | |
| 5 | 2000-01 To 2001-02 (ജനകീയാസൂത്രണം) | LFT11 -1342/04 തി.07.08.14/ 13.09.04 | - | - | അദാലത്തിന് ഓഡിറ്റ് റിപ്പോർട്ട്, ഗ്രാമപഞ്ചായത്തിൽ നിന്നുള്ള മറുപടി എന്നിവ ലഭ്യമായിട്ടില്ല |
| 6 | 2002-03 | LFT11-97/2007 തി. 16.04.2007/ 08.10.07 | 3 | 3-1, 3-3, 3-5 | |
| 7 | 2003-04 | LFT11-98/07 തി.16.04.07 06.10.07 | 2 | 3-1, 3-2 | |
| 8 | 2004-05 | LFT11-2275/2008 തി.26.07.10/ 19.08.10 | 2 | 3-5, 3-7 | |
| 9 | 2005-06 | LFT11-2276/2008 തി.26.07.10 19.08.10 | 2 | 3-3, 3-4 | |
| 10 | 2006-07 | LFT11-592/08 തി.20.08.10 31.01.11 | 5 | 2-4, 3-6, 3-7, 3-10, 3-12 | |
| 11 | 2007-08 To 2010-11 | LFT P4-1357/12 തി.15.12.12 09.05.13 | 7 | 3-6, 3-7, 3-12, 3-15, 3-17, 3-18, 3-19 | |
| 12 | 2011-12 | LFT P4-341/13 | 3 | 3-9, 3-10, 3-12 | |

| | | | | | |
|---|---|---|---|---|---|
| | | തി.22.07.13<br>05.10.13 | | | |
| 13 | 2012-13 | LFT P8-2136/13<br>തി.5.5.14<br>3.7.14 | 8 | 3-2, 3-10, 3-13,<br>3-15, 3-16, 3-17,<br>3-18, 3-19(AB) | |
| 14 | 2013-14 | LFT P8-14-15<br>തി.02.06.15<br>25.07.15 | 2 | 3-8, 3-9 | |
| 15 | 2015-16 | KSATSR<br>P8-1938/2016<br>തി.29.12.16<br>24.01.17 | 4 | 2-2(b),2,3,5,<br>3-2, 3-4, 3-8 | |
| 16 | 2016-17 | KSATSR P8-<br>982/17<br>തി.4.7.17 | 3 | 1-3, 2-3, 2-6 | |
| 17 | 2017-18 | KSATSR<br>P8-839/19<br>തി.13.06.19 | 5 | 2-4, 2-6,<br>3-3, 3-7,<br>3-11 | |
| 18 | 2018-19 | KSATSR<br>P8-1316/20<br>തി.21.1.21 | 16 | 1-11(1<br>To11,16),1-12(1,2,3,4b),<br>1-14,1-15,<br>1-16(3,4),1-17,1-18,<br>1-19,1-20,1-22,1-23,<br>1-27,1-28,1-29,<br>1-30,1-31 | |
| 19 | 2019-20 | KSATSR<br>P8-1519/2021<br>തി.18/05/2022 | 26 | 1-11,1-12,1-13,1-14,1-15,<br>1-16,1-17,1-18,<br>1-19,1-20,1-21,<br>1-22,1-23,<br>1-24,1-25,1-26,<br>1-27,1-28,1-29,<br>1-30,1-31<br>1-32,1-33,1-34,<br>1-35,1-36 | |
| 20 | 2020-21 | KSATSR<br>P8-1520/2021<br>തി.18/05/2022 | 31 | 1-11,1-12,1-13,<br>1-14,1-15,<br>1-16,1-17,1-18,<br>1-19,1-20,1-21,<br>1-22,1-23,<br>1-24,1-25,1-26<br>1-27,1-28,1-29,<br>1-30,1-31 | |

| | | | | | |
|---|---|---|---|---|---|
| | | | | 1-32,1-33,1-34,<br>1-35,1-36<br>1-37,1-38,1-39,<br>1-40,1-41 | |
| | ആകെ | | 142 | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്